കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

തിരുവമ്പാടി ഗ്രാമപഞ്ചായത്ത്

2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

e-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

കെ.എസ്.എ-കെ.കെ.ഡി/പി1/ 2090/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

E-mail: dokkd.ksad@kerala.gov.in

ഫോൺ: 0495-2371012

തീയതി. 16-12-2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തിരുവമ്പാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :തിരുവമ്പാടി ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

കെ.എസ്.എ.കെ.കെ.ഡി.പി1/2090/2016 തീയതി: 16-12-2016.

കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ

2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18.12.2015 മുതൽ 1.11.16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സതീഷ് കുമാർ.കെ കെ,ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05.11.2016 മുതൽ 17.11.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ഷൈന .എ.കെ<br>ശ്രീ.പി. ഉണ്ണികൃഷ്ണൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.അനിൽ കുമാർ.എംഡി | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.എലിയാമ്മ ജോർജ് | 1.4.2015 മുതൽ 11.11.15 വരെ |
| | ശ്രീ.പി.ടി.അഗസ്റ്റിൻ | 07.12.15 മുതൽ 31.03.16 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.അഭിലാഷ്.എ.എൻ | 01.04.2015 മുതൽ 09.02.2016 വരെ |
| | ശ്രീ.ഉദയൻ.എ. | 10.02.2016 മുതൽ 14.02.2016 വരെ |
| | ശ്രീ.രവീന്ദ്രൻ നായർ | 15.02.2016 മുതൽ 31.03.2016 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീ.പ്രകാശ്.പി . | 01.04.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.നിമ്മി.കെ. | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | ഡോ.കെ.ശ്രീനിവാസൻ. | 01.04.20150 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.സതീഷ് കുമാർ.പി.കെ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ(പിഎച്ച്സി) | ഡോ.രാധിക.പി | 01.04.2015 മുതൽ 10.06.2015 വരെ |
| | ഡോ.ഹസീന | 18.06.2015 മുതൽ 09.09.2015 വരെ |
| | ഡോ.സിൽവിയ | 09.09.2015 മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| ഐസിഡിഎസ് സൂപ്പർവൈസർ | ശ്രീമതി.ഹഫ്സ.എൻ | 01.04.2015 മുതൽ 09.08.2015 വരെ |
| | ശ്രീമതി.ദേവി.പി.യു | 10.08.2015 മുതൽ 31.03.2016വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.സത്യനാരായണൻ.ഇ | 01.04.15 മുതൽ 31.05.15 വരെ |
| | ശ്രീമതി.ആശ | 02.06.15മുതൽ 31.03.16 വരെ |
| വെറ്റിനറി സർജൻ | ഡോ.അബ്ദുൾ മുനീർ | 01.04.15മുതൽ 17.09.15 വരെ |
| | ഡോ.സജി | 17.09.15മുതൽ 26.09.15 വരെ |
| | ഡോ.സുഭാഷ് രാജ്.കെകെ | 26.09.15മുതൽ 31.03.16 വരെ |
| അസി.സെക്രട്ടറി | ശ്രീ.എ.രവീന്ദ്രൻ നായർ | 1.4.15 മുതൽ 31.3.16. വരെ |
| വിഇഒ | ശ്രീമതി.സുലൈഖ.ടികെ. | 1.4.15 മുതൽ 31.3.16. വരെ |
| | ശ്രീ.സബീഷ്.എൻ ആർ | 1.4.15 മുതൽ 31.3.16. വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം. | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം. | 1-10 |
| | ഭാഗം 2 | |
| 11 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 2-1 |
| 12 | ബസ് സ്റ്റാൻഡ് – കംഫർട്ട് സ്റ്റേഷൻ ലേല തുക അടവാക്കിയില്ല. | 2-2 |
| 13 | വിനോദനികുതി ഈടാക്കിയതിലെ അപാകതകൾ | 2-3 |
| 14 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ | 2-4 |
| 15 | ഡി& ഒ ലൈസൻസ് അനുവദിക്കൽ – അപാകതകൾ | 2-5 |
| 16 | തനത് വിഭവ സമാഹരണത്തിൽ ശ്രദ്ധ ചെലുത്തുന്നില്ല. | 2-6 |
| 17 | കളക്ഷൻ രജിസ്റ്ററുകളിൽ സൂപ്പർവൈസറി തല പരിശോധന നടത്തുന്നില്ല. | 2-7 |
| | ഭാഗം-3 | |
| 18 | കോൺക്രീറ്റ് റോഡ് നിർമ്മാണത്തിനുള്ള 1:2:4 മിശ്രിതത്തിന് അധിക നിരക്ക് അനുവദിച്ചു. | 3-1 |
| 19 | അർഹതയില്ലാത്ത ഗുണഭോക്താവിന് ലാപ്ടോപ്പ് നൽകി. | 3-2 |
| 20 | പെയിൻ &പാലിയേറ്റീവ് കെയർ പദ്ധതി നടത്തിപ്പിലെ പോരായ്മകൾ | 3-3 |

| | | |
|---|---|---|
| 21 | അഗതി-ആശ്രയ മെഡിക്കൽ ക്യാമ്പ് – മാർഗ്ഗനിർദ്ദേശങ്ങൾക്കെതിരെ പ്രൊജക്ട് നടപ്പാക്കി. | 3-4 |
| 22 | ട്രൈബൽ മെഡിക്കൽ ക്യാമ്പ് – മാർഗ്ഗനിർദ്ദേശങ്ങൾക്കെതിര് | 3-5 |
| 23 | പത്രപരസ്യത്തിന് അധിക നിരക്ക് അനുവദിച്ചു. | 3-6 |
| 24 | അതുല്യം പദ്ധതി – പദ്ധതി മാർഗ്ഗരേഖ കൃത്യമായി പാലിക്കുന്നില്ല. | 3-7 |
| 25 | വാഹന ഉപയോഗത്തിലെ അപാകതകൾ | 3-8 |
| 26 | ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങാൻ പണമടച്ചു. മരുന്ന് കിട്ടിയില്ല. | 3-9 |
| 27 | ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് അനുവദിച്ചതിലെ അപാകത | 3-10 |
| 28 | ഐ.എ.വൈ. എസ്.സി. അധിക വിഹിതം നൽകൽ പദ്ധതി – വിനിയോഗവിവരം ലഭിച്ചില്ല. | 3-11 |
| 29 | തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണം -വിനിയോഗവിവരം ലഭ്യമാക്കിയില്ല. | 3-12 |
| 30 | ആശ്രയ- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-13 |
| 31 | തനത് ഫണ്ട് വരവ് നിത്യചെലവുകൾക്കായി തികയാത്ത അവസ്ഥ | 3-14 |
| 32 | പഞ്ചായത്തിലെ സോഫ്റ്റ് വെയറുകളുടെ കാര്യത്തിൽ ഐ.കെ.എം. പ്രവർത്തനം തൃപ്തി കരമല്ല. | 3-15 |
| 33 | ഗുണനിലവാരം ഉറപ്പു വരുത്താതെ ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്തു. | 3-16 |
| 34 | പുറം പോക്ക് ഭൂമി സംരക്ഷിക്കുന്നതിൽ വീഴ്ച | 3-17 |
| 35 | പട്ടിക വർഗ്ഗ ഉപ പദ്ധതികൾ നടപ്പാക്കുന്നതിൽ വീഴ്ച | 3-18 |
| 36 | പട്ടികജാതി പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വാങ്ങിയതിലെ അപാകതകൾ | 3-19 |
| 37 | ഭവന നിർമ്മാണം പൂർത്തിയാകാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | 3-20 |
| 38 | കെട്ടിടനിർമ്മാണ അപേക്ഷയിൽ സമയബന്ധിതമായി നടപടി സ്വീകരിക്കാത്തതിനാൽ വക്കീൽ ഫീസിനത്തിൽ ചെലവ് | 3-21 |

| | | |
|---|---|---|
| 39 | കൃഷി ഓഫീസിലേയ്ക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ നടപടിക്രമങ്ങളിലെ അപാകതകൾ | 3-22 |
| | ഭാഗം 4 | |
| 40 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 41 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 42 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 43 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 44 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 45 | ഓഡിറ്റ് റിക്കവറി | 4-6 |
| 46 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 48 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 49 | അനുബന്ധം | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 26.3.15 തിയതിയിലെ 1/2014-15. തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 24.7.2016 | | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 05.11.2016 | അനുബന്ധം 1 കാണുക |

## 1-4 സാമ്പത്തിക വിശകലനം (രസീത് & പേമെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് - | 39783940 |
| വരവ് - | 40766373 |
| ആകെ - | 80550313 |
| ചെലവ് - | 66759943 |
| നീക്കിയിരിപ്പ്- | 13790370 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് റോഡ് | 2649000 | 7638637 | 10287637 | 10287637 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 3955139 | 1192420 | 5147559 | 5147559 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4020328 | 8216886 | 12237214 | 12237214 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 4986318 | 4121483 | 9107801 | 9107801 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 22119 | 12347652 | 12369771 | 12367927 | 1844 |
| ബി ഫണ്ട് | 0 | 11698108 | 11698108 | 11698108 | 0 |

വികസനഫണ്ടിനത്തിലെ തുകകളുടെ വ്യത്യാസം ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 258 | | 170 | | 6 | 82 | 52.33 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5118759 | 4832386 | (-)286373 | |
| നികുതിയേതര വരവുകൾ | 1144883 | 1048706 | (-)96177 | |
| മറ്റുവരവുകൾ | | 102408 | (+)102408 | |
| ആകെ | 6263642 | 5983500 | (-)280142 | |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 354960 | 215 |
| കർഷകതൊഴിലാളി പെൻഷൻ | 2602800 | 692 |
| വിധവാപെൻഷൻ | 4186400 | 776 |
| വാർദ്ധക്യകാലപെൻഷൻ | 2941200 | 810 |
| വികലാംഗപെൻഷൻ | 1235000 | 240 |
| 50 വയസ്സിന് മുകളിൽ ഉള്ള അവിവാഹിതരായ സ്ത്രീകൾ | 164000 | 39 |
| സാധുക്കളായ വിധവകളുടെ കുട്ടികൾക്കുള്ള വിവാഹ ധനസഹായം | 210000 | 7 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.11.16 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16238-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 7.7.14 – 10.7.14 | 1.3.14 – 30.4.14 | C2 – 14172/14, 10.9.14 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | | 2005-06-2009-10 | LBA(HQ)111/8A 1569/145,8.3.12 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

2015- 16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) താഴെ പറയുന്ന വരവിനങ്ങളുടെ ഡിമാന്റും, കലക്ഷനും, വാർഷിക ധനകാര്യ പത്രികയും രജിസ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | രജിസ്റ്റർ പ്രകാരം | എ എഫ് എസ് പ്രകാരം |
|---|---|---|
| | കലക്ഷൻ | കലക്ഷൻ |

| | | |
|---|---|---|
| ബസ്റ്റാന്റ് റസീപ്റ്റ് | 50800 | 33800 |
| കംഫർട്ട് സ്റ്റേഷൻ | 83500 | -- |
| ഫലവൃക്ഷം | 77000 | 56220 |

2) വസ്തു നികുതി, ബിൽഡിംഗ് പെർമിറ്റ് എന്നിവയുടെ ഡിമാന്റ്, പിരിവ്, നീക്കിബാക്കി എന്നിവയുടെ സംഗ്രഹം തയ്യാറാക്കിയിട്ടില്ല.

3) ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ആസ്തികളും വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല. കൂടാതെ പത്രികയിലെ ആസ്തികളുടെ മൂല്യം ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

4) അസിസ്റ്റന്റ് എൻജിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളിൽ അടവാക്കിയ വാറ്റ് , നിർമ്മാണ തൊഴിലാളി ക്ഷേമനിധി, ആദായനികുതി എന്നിവ വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല. അതിനാൽ ഈ പത്രിക ശരിയായ രീതിയിൽ ഗ്രാമ പഞ്ചായത്തിന്റെ കണക്കുകൾ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-2 <u>ബസ് സ്റ്റാൻഡ് - കംഫർട്ട് സ്റ്റേഷൻ ലേല തുക അടവാക്കിയില്ല.</u>

ഗ്രാമപഞ്ചായത്തിലെ തിരുവമ്പാടി ബസ് സ്റ്റാൻഡ് കംഫർട്ട് സ്റ്റേഷൻ 2015-16 വർഷത്തിൽ ഫീസ് പിരിക്കുന്നതിനായി ശ്രീ.അബ്ദുൾ ഗഫൂർ ആലപ്പടിയിൽ 250000 രൂപക്ക് ലേലത്തിൽ എടുക്കുകയും 16.3.15 ലെ 1ാം നമ്പർ തീരുമാനപ്രകാരം ലേലം സ്ഥിരപ്പെടുത്തുകയും ചെയ്തു.ആദ്യഗഢു 83500 രൂപ 07.03.15 ന് അടവാക്കുകയും ലേല അവകാശം എറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. വർഷങ്ങൾ പഴക്കമുള്ള കെട്ടിടമായതിനാൽ പൊതുജനപരാതിയെ തുടർന്ന് കെട്ടിടം റിപ്പയർ ചെയ്യുന്നതിന് പ്രൊജക്ട് വെക്കുകയും മൂന്ന് മാസം ബസ് സ്റ്റാൻഡ് അടച്ചിട്ട് പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. അടച്ചിട്ട മൂന്ന് മാസത്തെ തുക ഭരണസമിതി തീരുമാനപ്രകാരം ഇളവനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബാലൻസ് തുകയായ 98784 രൂപ നാളിതുവരെ അടവാക്കിയിട്ടില്ല.

മൂന്ന് മാസ ഇളവനുവദിച്ച 67716 /-രൂപ എഴുതിതള്ളുന്നതിന് ലഭിച്ച സർക്കാർ ഉത്തരവും കരാറുകാരനുമായി സെക്രട്ടറി ഒപ്പുവെച്ച എഗ്രിമെന്റും പരിശോധനക്ക് ഹാജരാക്കുവാനും തുക വസൂലാക്കുന്നതിന് സ്വീകരിച്ച റവന്യൂ റിക്കവറി നടപടികൾ സംബന്ധിച്ച് ഓഡിറ്റിനെ അറിയിക്കുന്നതിനുമായി നൽകിയ17ാം നമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവ്, എഗ്രിമെന്റ് എന്നിവ ഹാജരാക്കാത്ത പക്ഷം നഷ്ടതുക സെക്രട്ടറി, ഹെഡ്ക്ളാർക്ക്, സെക്ഷൻ ക്ളർക്ക് എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-3 <u>വിനോദ നികുതി ഈടാക്കിയതിലെ അപാകതകൾ</u>

1. ഗ്രാമപഞ്ചായത്തിലെ രണ്ട് സിനിമാതിയേറ്ററുകൾ 2015-16ൽ പ്രതിമാസം 4400,4100എന്നീ ക്രമത്തിൽ മൂന്ന് മാസത്തിലൊരിക്കൽ വിനോദ നികുതി കോമ്പൗണ്ട് ചെയ്താണ് അടവാക്കുന്നത്. 2015-16 ൽ വിനോദനികുതിയിനത്തിൽ തിയേറ്ററുകൾ അടക്കേണ്ട102600 രൂപയിൽ 93500 രൂപ മാത്രമാണ് അടവാക്കിയിട്ടുള്ളത്. ബാലൻസ് തുകയായ 8500 രൂപ നാളിതുവരെ അടവാക്കിയിട്ടില്ല. മേൽ തുക ഈടാക്കുന്നതിന് നാളിതുവരെ നോട്ടീസ് അയക്കുകയോ മറ്റ് നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല
2. ഗ്രാമപഞ്ചായത്തിലെ വിനോദ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 2003-04ൽ പഞ്ചായത്തിലെ രണ്ട് സിനിമാ തിയേറ്ററുകൾ പ്രതിമാസം 9396,7776 എന്നിങ്ങനെ വിനോദനികുതിയിനത്തിൽ കോമ്പൗണ്ട് ചെയ്ത് അടവാക്കിയിരുന്നു. എന്നാൽ2015-16ൽ പ്രതിമാസം 4400, 4100 എന്നിങ്ങനെയാണ് ഈടാക്കിയിട്ടുള്ളത്. ടിക്കറ്റിന്ഗ്രാമപഞ്ചായത്തുകളിൽ 15% നികുതി ഈടാക്കേണ്ടതാണ്. ടിക്കറ്റ് നിരക്കുകളിൽ വലിയ വർദ്ധനവുണ്ടായിട്ടും വിനോദ നികുതിയിനത്തിലെ കുറവിന് വിശദികരണം സമർപ്പിക്കേണ്ടതാണ്. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 21ാം നമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് വിശദീകരണം സമർപ്പിക്കേണ്ടതും നഷ്ടതുകയായ 8500 രൂപ സെക്രട്ടറി,സെക്ഷൻ ക്ളർക്ക് എന്നിവരിൽ നിന്നും ഈടാക്കേണ്ടതുമാണ്.

## 2-4 <u>തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ</u>

ഓഡിറ്റ് കാലയളവിൽ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1.തൊഴിൽ നികുതി-ചട്ടപ്രകാരമുള്ള നടപടി സ്വീകരിച്ചില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205 (ബി) പ്രകാരം വാണിജ്യാവശ്യങ്ങൾക്ക് കെട്ടിട നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ ഉടമസ്ഥനോടോ കൈവശക്കാരനോടോ റൂമുകൾ കൈവശം വച്ചിരിക്കുന്നവരുടെ വിവരങ്ങൾ സംബന്ധിച്ചുള്ള നോട്ടീസ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ

സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്.2015-16 വർഷത്തിൽ വാണിജ്യാവശ്യങ്ങൾക്കായി 46 കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. എന്നാൽ മേൽ പ്രകാരമുള്ള നടപടി സെക്രട്ടറി സ്വീകരിച്ചിട്ടില്ല.തൊഴിൽ നികുതി ഈടാക്കുന്നതിൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരുന്നതിന് വിശദീകരണം സമർപ്പിക്കേണ്ടതാണ്.

2.തൊഴിൽ നികുതി അടവാക്കിയതിൽ കുറവ്

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 14.02.2011 ലെ (എം.എസ്) 36/11/പൊ.വി.നം ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകൃത അൺഎെയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക അദ്ധ്യാപകേതര ജീവനക്കാരുടെ മിനിമം ശമ്പളം 01.11.2011 മുതൽ പ്രാബല്യത്തിൽ വരുത്തി ഉത്തരവായിട്ടുണ്ട്. എന്നാൽ അപ്രകാരത്തിലുള്ള നിരക്കിൽ സ്കൂൾ ജീവനക്കാർക്ക് വേതനം നൽകിയതായി റിട്ടേണിൽ രേഖപ്പെടുത്തിയിട്ടില്ല.ഓഡിറ്റ് കാലയളവിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇൻഫാന്റ് ജീസസ് ഇംഗ്ളീഷ് മീഡിയം സ്കൂൾ മേൽ സർക്കാർ ഉത്തരവിന്റെ പകർപ്പുസഹിതമാണ് തൊഴിൽ നികുതി റിട്ടേൺ സമർപ്പിച്ചത്. എന്നാൽ സർക്കാർ നിശ്ചയിച്ച അടിസ്ഥാന ശമ്പളം ലഭിക്കാത്ത അധ്യാപക ജീവനക്കാർ ഉള്ളതായി കാണുന്നു. സ്കൂൾ അധികാരികൾ സമർപ്പിച്ച റിട്ടേൺ പ്രകാരം രേഖപ്പെടുത്തിയ തൊഴിൽ നികുതി താഴെ കൊടുക്കുന്നു.

| ജീവനക്കാരുടെ എണ്ണം | അടക്കേണ്ട മിനിമം തൊ. നികുതി | അടച്ചത് | കുറവ് |
|---|---|---|---|
| എച്ച്എസ്എ - 4 | 300 | 180 | 120x4=480 |
| പ്രൈമറി ടീച്ചർ - 14 | 300 | 120 | 180x14=2520 |
| | | | 3000 |

ഒന്നാം അർദ്ധവർഷം 3000 രൂപ കുറവായാണ് ഈടാക്കിയത്. രണ്ട് അർദ്ധവർഷങ്ങളിലായി 6000രൂപ കുറവായാണ് അടവാക്കിയത്.

3. ഗവ.ഐടിഐ,തിരുവമ്പാടിയിലെ സീനിയർ ഇൻസ്ട്രക്ടർ ശ്രീ.ജോസ്.കെ.എ ഓഡിറ്റ് വർഷം രണ്ട് അർദ്ധവർഷങ്ങളിലും തൊഴിൽ നികുതി അടവാക്കിയിട്ടില്ല. റിട്ടേൺ പ്രകാരം ആർമി സർവ്വീസ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി അടക്കുന്നതിൽ നിന്നും അർദ്ധസൈനികർക്കുമാത്രമാണ് ഇളവുകൾ നൽകിയിട്ടുള്ളത്.

4. കോൽകോത്തഗിരി റബ്ബർ പ്ളാന്റേഷൻസ് ലിമിറ്റഡ് എന്ന കമ്പനിയുടെ ഓഫീസ് സ്ഥിതിചെയ്യുന്നത് തിരുവമ്പാടി പഞ്ചായത്തിലാണ്. മൂന്ന് പഞ്ചായത്തുകളിലായി സ്ഥിതിചെയ്യുന്ന മേൽ റബ്ബർ പ്ളാന്റേഷനിൽ മാനേജർ,ഓഫീസ് സ്റ്റാഫ്, ഫാക്ടറി തൊഴിലാളികൾ, ഫീൽഡ് സ്റ്റാഫ് എന്നിവരടക്കം മുന്നൂറിൽപരം ജീവനക്കാരുണ്ട്. ആകെ 24ജീവനക്കാരുടെ തൊഴിൽനികുതി മാത്രമാണ് 2015-16ൽ അടവാക്കിയിട്ടുള്ളത്. മേൽ സ്ഥാപനത്തിലെ മുഴുവൻ അംഗീകൃത ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിന് നടപടിസ്വീകരിച്ചിട്ടില്ല.

മേൽ അപാകതക്ക് നൽകിയ 19ാം നമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.തൊഴിൽനികുതി കുറവായി ഈടാക്കിയ 6000രൂപ സെക്രട്ടറി,സെക്ഷൻ ക്ലർക്ക് എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-5 ഡി&ഒ ലൈസൻസ് അനുവദിക്കൽ - അപാകതകൾ

1.ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232 (1) പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല.ലൈസൻസിനായി അപേക്ഷ സമർപ്പിച്ച സ്ഥാപനങ്ങൾക്ക് സെക്രട്ടറി അന്വേഷണം നടത്തി ലൈസൻസ് നൽകിയിട്ടില്ല.2013-14ലെ മുൻ ഓഡിറ്റ് റിപ്പോർട്ടിലും ഇത്തരത്തിൽ ചട്ടപ്രകാരമല്ലാതെ അപേക്ഷകൾ സൂക്ഷിച്ചത് സംബന്ധിച്ച് പരാമർശമുണ്ടായിട്ടും അപാകത തുടരുകയാണ്. 2015-16 ൽ ലൈസൻസിനായി അപേക്ഷ സമർപ്പിച്ച 37 സ്ഥാപനങ്ങളുടെ അപേക്ഷകളിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടോ സെക്രട്ടറി മേൽ അപേക്ഷകൾ അംഗീകരിക്കുകയോ ചെയ്തിട്ടില്ല. എതാനും അപേക്ഷകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | അപേക്ഷ നം | അപേക്ഷകന്റെ പേര് | സ്ഥാപനം | സ്ഥലം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 63 | രതീഷ് | സ്റ്റേഷനറി | |
| 2 | 65 | ജോർജ് | സ്റ്റാർനെറ്റ് | പുല്ലൂരാംപാറ |
| 3 | 66 | ജോസ് പുളിക്കാട്ട് | പിജെ ട്രേഡേഴ്സ് | ആനക്കാംപൊയിൽ |
| 4 | 96 | പ്രസസാദ് ഗോപി | ടൈലറിംഗ് | പുല്ലൂരാംപാറ |
| 5 | 158 | അബു | സ്റ്റേഷനറി | തിരുവമ്പാടി |
| 6 | 159 | ബിജു | ജെ&ജെ എന്റർപ്രൈസസ് | തിരുവമ്പാടി |
| 7 | 160 | മുഹമ്മദ് | ബേക്കറി | തിരുവമ്പാടി |
| 8 | 166 | മുഹമ്മദ് കുട്ടി | സോഡ നിർമ്മാണം | തിരുവമ്പാടി |
| 9 | 177 | ആന്റണി | സ്റ്റേഷനറി | പുല്ലൂരാംപാറ |
| 10 | 221 | അബ്ദുൾ മജീദ് | മാർജിൻഫ്രീ സൂപ്പർമാർക്കറ്റ് | തിരുവമ്പാടി |

മേൽ അപേക്ഷകൾ ഉൾപ്പെടെ 37 സ്ഥാപനങ്ങളുടെ അപേക്ഷകളിൽ ഇത്തരത്തിൽ അന്വേഷണം നടത്താതെയും ലൈസൻസ് നൽകകാതെയും ഉള്ളതായി പരിശോധനയിൽ വ്യക്തമാവുന്നു. അപാകതക്ക് വിശദീകരണം സമർപ്പിക്കേണ്ടതാണ്.

2. ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ ലൈസൻസ് പുതുക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ തിരുവമ്പാടി,വിളക്കാംതോട്.ആനക്കാംപൊയിൽ എന്നീ 3 ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ 2015-16ൽ ലൈസൻസ് പുതുക്കിയതായി ബന്ധപ്പെട്ട രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടില്ല. ശരാശരി പ്രതിദിന വിറ്റുവരവ് അടിസ്ഥാനമാക്കി മേൽ സഹകരണ സംഘങ്ങളുടെ ലൈസൻസ് ഫീ ഈടാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 16ാം നമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.അപാകതക്ക് വിശദീകരണം സമർപ്പിക്കേണ്ടതാണ്.

## 2-6 തനതുവിഭവ സമാഹരണത്തിൽ ശ്രദ്ധ ചെലുത്തുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ പ്രധാനവരുമാനങ്ങളിൽ ഒന്നാണ് നികുതിയും, നികുതിയേതര വരുമാനവും ഉൾപ്പെടുന്ന തനതു ഫണ്ട്, മറ്റു ഗ്രാന്റുകളെ അപേക്ഷിച്ച് സ്വന്തം നിലക്ക് ഗ്രാമപഞ്ചായത്തിന് ഉപയോഗിക്കാൻ കഴിയുന്നതും, ശമ്പളം ഉൾപ്പെടെയുള്ള അനിവാര്യ ചെലവുകൾ നിർവ്വഹിക്കേണ്ടതും ഈ തനതുവരുമാനത്തിൽ നിന്നാണ്. ഇതിന്റെ കുറവ് ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതും സർക്കാരിന്റെ ഗ്രാന്റുകളെ പരിധിയിൽ കൂടുതൽ ആശ്രയിക്കാൻ കാരണമാകുകയും ചെയ്യും. അതിനാൽ തനതുവരുമാനത്തിന്റെ പരമാവധി സമാഹരണം ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളുടെ ആക്കം കൂട്ടുകയും ആ ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ വികസനത്തിൽ മുതൽ കൂട്ടാവുകയും ചെയ്യും.

ഗ്രാമപഞ്ചായത്തിന്റെ തനതു വിഭവ സമാഹരണത്തിലെ പുരോഗതി സംബന്ധിച്ച് കണ്ടെത്തിയ കാര്യങ്ങൾ താഴെ കൊടുക്കുന്നു.

I- നികുതി വരുമാനം.

സർക്കാർ നിയമം മൂലം പിരിച്ചെടുക്കാൻ അനുവദിച്ചിട്ടുള്ള നികുതികൾ ആണ് ഇതിൽ ഉൾപ്പെട്ടിട്ടുള്ളത്. ഇതിന്റെ കാര്യക്ഷമമായ പിരിവ് തനതുവരുമാനത്തിന്റെ അളവ് വർദ്ധിപ്പിക്കുകയും വികസപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുകയും ചെയ്യും. താഴെ പറയുന്നവയാണ് പ്രധാന നികുതികൾ.

i) വസ്തു നികുതി

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 എ (എ) i പ്രകാരം നികുതി നിരക്കുകൾ നിർണ്ണയിക്കാനുള്ള അധികാരം സ്റ്റാൻഡിംഗ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കും, ചുമത്താനുള്ള അധികാരം സെക്രട്ടറിക്കുമാണ്. (വകുപ്പ്- 276 (i)) ഇതുപ്രകാരം തൻവർഷം ചുമത്തിയതും ഈടാക്കാനുള്ളതുമായ വസ്തുനികുതി ഇവയാണ്.

| ഇനം | ഡിമാന്റ് തുക | കലക്ഷൻ തുക |
|---|---|---|
| വസ്തുനികുതി | 3142755 | 1956455 |

ഡിമാന്റ് ചെയ്തതിൽ 1186300 രൂപ കുറവായിട്ടാണ് തൻവർഷം ഈടാക്കിയത്. ഈടാക്കിയത് 62.25 % മാത്രമാണ്. ഗ്രാമപഞ്ചായത്തിൽ ക്ലറിക്കൽ വിഭാഗത്തിൽ ക്ലർക്കുമാർ ഉണ്ടായിട്ടും മുഴുവൻ പിരിച്ചെടുക്കാത്തത് ആശാസ്യമല്ല.

ii) കെട്ടിടനികുതിയിൻമേൽ സർചാർജ്

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 208 പ്രകാരം ഏതെങ്കിലും പദ്ധതിക്കോ പ്ലാനിനോ ചെലവഴിച്ച അസാധരണ ചെലവ് നികത്താൻ കെട്ടിടനികുതിയിൻമേൽ 5% സർച്ചാർജ് ചുമത്താം. പഞ്ചായത്ത്

പ്രദേശത്ത് ഭാഗികമായോ മുഴുവനായോ ഒരു നിർദ്ദിഷ്ട കാലത്തേക്ക് ഈടാക്കാം.

എന്നാൽ കെ. എസ്. ആർ. ടി. സി. ബസ് ഡിപ്പോ, ഐ. ടി. ഐ എന്നീ സ്ഥാപനങ്ങൾക്ക് ഭൂമി വാങ്ങാൻ തനത് ഫണ്ടിൽ നിന്നും വലിയ തുക ചെലവഴിച്ച് ഗ്രാമപഞ്ചായത്ത് കമ്മി വരുമാനത്തിൽ ആയിട്ടും, ഇത്തരത്തിൽ സർചാർജ് ഈടാക്കിയിട്ടില്ല.

iii) സേവനനികുതി

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 200 (2); 1995ലെ കേരള പഞ്ചായത്ത് രാജ് സേവനനികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിലെ കെട്ടിടങ്ങളുടെയോ, വസ്തുക്കളുടെയോ വാർഷിക മൂല്യത്തിന്റേയോ നിശ്ചിത വരുമാനം സേവനനികുതിയായി ഈടാക്കാവുന്നതാണ്. ശുചിത്വപരിപാലനത്തിന് 1% ലും, ജലവിതരണത്തിന് 2% ലും തെരുവ് വിളക്ക് കത്തിക്കുന്നതിന് 2% ത്തിലും ഡ്രൈനേജ്, സ്കാവഞ്ചിംഗ് എന്നിവക്ക് 1% ത്തിലും അധികരിക്കാതെ സേവനനികുതി ഈടാക്കാം.

എന്നാൽ ഗ്രാമപഞ്ചായത്ത് ഇത്തരത്തിൽ സേവനനികുതി ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

iv) തൊഴിൽനികുതി

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 (1); 1995ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/ തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ അവരിൽ നിന്ന് തൊഴിൽനികുതി ഈടാക്കാം. ഇത്തരത്തിൽ ഗ്രാമപഞ്ചായത്ത് ഈടാക്കിയ തൊഴിൽനികുതിയുടെ കണക്ക് താഴെ :-

| ഇനം | ഡിമാന്റ് തുക | കലക്ഷൻ തുക |
|---|---|---|
| തൊഴിൽ നികുതി- | 1835124 | 1835124 |

ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 548 വ്യാപാരികൾ ലൈസൻസ് എടുത്തിട്ടുണ്ട്. ഇവരിൽ നിന്നെല്ലാം തൊഴിൽനികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ തൊഴിൽനികുതിയായി ഈടാക്കുന്ന തുക വളരെ കുറവാണ്. ലൈസൻസ് എടുക്കാത്ത വ്യാപാരികളെ എല്ലാവരേയും ലൈസൻസിൽ ഉൾപ്പെടുത്തി തൊഴിൽനികുതി ഈടാക്കി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

v) പ്രദർശന നികുതി

1995 ലെ കേരള പഞ്ചായത്ത് രാജ് (പ്രദർശന നികുതി ചുമത്തലും ഈടാക്കലും ) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ നടത്തുന്ന സിനിമ, നൃത്തം, നാടകം, സർക്കസ് എന്നിവയുടെ ഓരോ പ്രദർശനത്തിനായും നികുതി ചുമത്താവുന്നതാണ്. എന്നാൽ ഇത്തരത്തിൽ ഗ്രാമപഞ്ചായത്തിൽ വരവുള്ള തുക തീരെ കുറവാണ്. ഇത്തരത്തിൽ ഉള്ള വരുമാനം വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

vi) പരസ്യനികുതി

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിൻമേലോ ചുവരിൻമേലോ പരസ്യപ്പലകയിൻമേലോ അല്ലെങ്കിൽ അതിന്റെ മുകളിലോ ഏതെങ്കിലും പരസ്യം ഏതെങ്കിലും തരത്തിൽ പ്രദർശിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നികുതി ഗ്രാമപഞ്ചായത്തിൽ കൊടുക്കേണ്ടതാണ്.

എന്നാൽ, ഇത്തരത്തിൽ ഒരു നികുതി ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

II നികുതിയേതര വരുമാനം.

ഗ്രാമപഞ്ചായത്തിൽ നികുതിവരുമാനം പോലെ തന്നെ പ്രധാനപ്പെട്ടതാണ്. ഫീസ് & യൂസർ ചാർജുകളിൽ നിന്നാണ് ഇത് ഈടാക്കുന്നത്. പ്രധാനമായും, ഡി & ഒ ലൈസൻസ്, സർട്ടിഫിക്കറ്റ് ഫീസുകൾ എന്നിവയാണ് ഈ ഇനത്തിലുള്ള വരവ്.

തനതുഫണ്ട് വർദ്ധിപ്പിക്കാൻ നിരവധി സാഹചര്യങ്ങൾ ഉണ്ടായിട്ടും അതിന് നടപടികൾ സ്വീകരിക്കാത്തത് ശരിയല്ല. ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ട് വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 കളക്ഷൻ രജിസ്റ്ററുകളിൽ സൂപ്പർവൈസറിതല പരിശോധന നടത്തുന്നില്ല.

ഗ്രാമപഞ്ചായത്തിനു വേണ്ടി വിവിധ വരവിനങ്ങളിലായി ഫ്രണ്ട് ഓഫീസ് വഴി സ്വീകരിക്കുന്ന തുകകളും ഔട്ട് ഡോർ കളക്ഷൻ നടത്തുന്ന തുകകളും അതാത് ദിവസം തന്നെ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ആയതിന്റെ കൃത്യത സൂപ്പർവൈസറിതല ഉദ്യോഗസ്ഥർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. 10.07.15 മുതൽ 47 രസീതി പുസ്തകങ്ങളിലായി ക്ളർക്കുമാർ പണം പിരിവ് നടത്തിയിട്ടുണ്ട്.എന്നാൽ മേൽ കളക്ഷൻ രജിസ്റ്ററുകളിൽ ഒന്നിലുംതന്നെ സൂപ്പർവൈസറിതല ഉദ്യോഗസ്ഥർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല.സൂപ്പർവൈസറിതല ഉദ്യോഗസ്ഥർ ദൈനംദിന പരിശോധന നടത്തി

കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.അപാകതക്ക് വിശദീകരണം സമർപ്പിക്കാനാവശ്യപ്പെട്ട് നൽകിയ 18ാം നമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.മറുപടി സമർപ്പിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കോൺക്രീറ്റ് റോഡ് നിർമ്മാണത്തിനുള്ള 1:2:4 മിശ്രിതത്തിന് അധികനിരക്ക് അനുവദിച്ചു.

തിരുവമ്പാടി ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം പൂർത്തിയാക്കിയ റോഡ് പ്രവൃത്തിയിൽ ഒരിനം, 20 മി.മീ. മെറ്റൽ ഉപയോഗിച്ച് 1:2:4 അനുപാത്തിലുള്ള കോൺക്രീറ്റ് പ്രവൃത്തിയാണ്. ഈ ഇനത്തിന് ഗുണഭോക്തൃ കമ്മിറ്റി ഏറ്റെടുത്ത് നടത്തിയതിന് ഒരു ഘനമീറ്ററിന് കോസ്റ്റ് ഇൻഡക്സ് 1.3143 പ്രകാരം 6582.02 രൂപയും, കോസ്റ്റ് ഇൻഡക്സ് 1.381 പ്രകാരം 6916.05 രൂപയുമാണ് അനുവദിച്ചത്. ഇത് കരാർ പ്രവൃത്തിയാണെങ്കിൽ യഥാക്രമം 7569.32 രൂപയും, 7953.46 രൂപയുമാണ്. 2014 ലെ ഡൽഹി ഷെഡ്യൂൾ നിരക്ക് പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിന് കോഴിക്കോട് ജില്ലയുടെ കോസ്റ്റ് ഇൻഡക്സ് 1.3143, 1.381 എന്നിവ ഉൾപ്പെടെയാണ് നിരക്ക് കണക്കാക്കിയത്. റോഡ് കോൺക്രീറ്റിന് എടുക്കേണ്ട ഡി.എസ്.ആർ കോഡ് 4.1.3 ന് പകരം , ഡി.എസ്.ആറിലെ തന്നെ ഫ്ലോറിംഗിന്റെ കോഡായ 11.7 എടുത്ത് എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാലാണ് മേൽ കാണിച്ച വർദ്ധിച്ച നിരക്ക് കൺവീനർ/കരാറുകാർക്ക് അനുവദിക്കാനിടയായത്. കോഡ് 4.1.3 അനുവദിച്ചിരുന്നുവെങ്കിൽ താഴെ കൊടുത്ത നിരക്ക് ആണ് കൺവീനർ/കരാറുകാർക്ക് അനുവദിക്കേണ്ടത്.

കോഡ് 4.1.3 വിശദാംശം

| മെറ്റീരിയൽ ഒരു ഘനമീറ്ററിന് | ആവശ്യമായത് | വില | ആകെ |
|---|---|---|---|
| 20.മി.മീ മെറ്റൽ | 0.670 | 1175 | 787.25 |
| 10 മി.മീ മെറ്റൽ | 0.220 | 1175 | 258.50 |
| കടത്ത് | 0.890 | 106.49 | 94.78 |
| മണൽ | 0.445 | 1200 | 534.00 |
| കടത്ത് | 0.445 | 106.49 | 47.39 |
| സിമന്റ് | 0.320 | 6300 | 2016.00 |
| കടത്ത് | 0.320 | 94.65 | 30.29 |
| ലേബർ -മേസൺ | 0.10 | 417 | 41.70 |
| ബെൽഡർ | 1.63 | 329 | 536.27 |
| ബിഷ്തി | 0.70 | 363 | 254.10 |
| കോൺക്രീറ്റ് മിക്സ് വാടക | 0.07 | 800 | 56.00 |

| | | | |
|---|---|---|---|
| വൈബ്രേറ്റർ | 0.07 | 350 | 24.50 |
| മറ്റു ചെലവുകൾ | 14.3 | 1.78 | 25.45 |
| | | ആകെ | 4706.23 |
| 1% വാട്ടർ ചാർജ്ജ് | | | 47.06 |
| | | | 4753.29 |
| | കരാറുകാരന്റെ ലാഭം + ഓവർ ഹെഡ് ചാർജ്ജ് | | 712.99 |
| | | ആകെ | 5466.30 |

ഒരു ക്യൂബിക് മീറ്റർ കോൺക്രീറ്റ് ചെയ്യുവാൻ കൺവീനർക്ക് 4753.29രൂപയും, കരാറുകാരൻ 5466.30 രൂപയും കണക്കാക്കി കാലാകാലങ്ങളിലെ കോഴിക്കോട് കോസ്റ്റ് ഇൻഡക്സ് ആയ യഥാക്രമം 1.3143, 1.381 എന്നിവ കൊണ്ട് ഗുണിച്ചാൽ കൺവീനർക്ക് 6247.25 രൂപയും (4753.29 x1.3143=6247.25) 6564.29 രൂപയും (4753.29x1.381=6564.29) ആണ് അനുവദിക്കേണ്ടത്. കരാറുകാർക്ക് ഇത് യഥാക്രമം 7184.36 രൂപയും, (5466.3x1.3143=7184.36) 7548.96 രൂപയുമാണ് (5466.3x1.381=7548.96 രൂപയുമാണ് (5466.3x1.381=7548.96). ഇതിന് പകരം വർദ്ധിച്ച നിരക്ക് അനുവദിച്ചതായി കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്/പ്രോജക്ട് നമ്പർ/ എസ്റ്റിമേറ്റ് തുക, ബിൽ നമ്പർ, വൗച്ചർ നമ്പർ | കരാറുകാരന്റെ/ കൺവീനറുടെ പേര് എംബുക്ക് നമ്പർ പേജ്/ഇനം ടെൻഡർ റേറ്റ് | 1:2:4 കോൺക്രീറ്റ് ചെയ്ത വോള്യം(ഘന മീറ്ററിൽ) | അനുവദിച്ച തുക | കോസ്റ്റ് ഇൻഡക്സ് | അനുവദി ക്കേണ്ട തുക | അധികം |
|---|---|---|---|---|---|---|---|
| 1 | പള്ളിപ്പടി- പൊന്നാങ്കയം റോഡ് (217/16) ബിൽ നം. | കൺവീനർ- ചിറ്റാ ട്ടുവടക്കേൽ രാജു. (109/15-16;p. ) ഇനം 3 - 1:2:4 | 14.25 ഘനമീറ്റർ | 98553.71 (14.25x 6916.05) | 1.381 | 93541.13 (14.25x 6564.29) | 5012.58 |
| 2 | നെല്ലിക്കാക്കുന്ന് ഓളിക്കൽ ഉറുമി ചെങ്ങോട്ട് പടി റോഡ് (195/16) ബിൽ നം. 1706 520 | കൺവീനർ- കുമാര പള്ളി ജോസഫ് (108/15-16 p.) | 22.35 ഘനമീറ്റർ | 154573.71 (22.35x 6916.05) | 1.381 | 146711.88 (22.35x 6564.29) | 7861.83 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 5301208/ 18.3.16/ 250000 ചെക്ക് നം. 797473/29.3.16 Rs. 50000 | | | | | | |
| 3 | ഓളിക്കൽ മംഗല ത്തുപടി റോഡ് കോൺക്രീറ്റ് (204/16) ബിൽ നം. 1706 520 5301140/19.2.16 Rs. 349653 | കൺവീനർ- ബാജി സെബാസ്റ്റ്യൻ (141/15-16.p.) | 24.9 ഘനമീറ്റർ | 172209.64 (24.9x 6916.05) | 1.381 | 163450.82 (24.9x 6564.29) | 8758.82 |
| 4 | പുഞ്ചക്കുന്നേൽപ്പടി മതിച്ചിപ്പറമ്പിൽ റോഡ് (223/16) ബിൽ- 1706 520 5301169/10.3.16 Rs. 160000 | കൺവീനർ- സിജോ ഡൊമിനിക് വെട്ടിക്കാട്ട്- (119/15-16 ) | 7.41 ഘനമീറ്റർ | 51247.93 (7.41x 6916.05) | 1.381 | 48641.38 (7.41x 6564.29) | 2606.55 |
| 5 | തേൻപാറ പിഎച്ച് സി റോഡ് കോൺക്രീറ്റ് (166/16) bill no. 1706 520 5301155/23.2.16 Rs. 299136 | കൺവീനർ- ഷിബിൻ അഗസ്റ്റ്യൻ കര്യാക്കാട്ടിൽ (128/15-16) | 16.5 ഘനമീറ്റർ | 108603.33 (16.5x 6582.02) | 1.3143 | 103079.63 (16.5x 6247.25) | 5523.70 |
| 6 | പുന്നക്കുട്ടി കക്കാട്ട് പാററോഡ് കോ ൺക്രീറ്റ് (173/16) ബിൽനം.1706 5205301157/23.2.16 Rs 150000 | കൺവീനർ- സണ്ണി പടപ്പനാനി (195/ 15-16) | 11.70 ഘനമീറ്റർ | 77009.63 (11.7x 6582.02) | 1.3143 | 73092.82 (11.7x 6247.25) | 3916.81 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| 7 | കൂടരഞ്ഞി വേങ്ങ ച്ചോട്ടിൽപടി നടപ്പാത (222/16) ബിൽ നം. 1706 5205301222/ 19. 3.16 Rs.147980 | കൺവീനർ- ചാക്കോ കളപ്പുരക്കൽ (155/ 15-16) | 11.87 ഘനമീറ്റർ | 78128.57 (11.87x 6582.02) | 1.3143 | 74154.85 (11.87x 6247.25) | 3973.72 |
| 8 | ആനക്കാംപൊയിൽ പതങ്കയം റോഡ്കോൺക്രീറ്റ് (169/ 16) ബിൽ നം. 1706 5205301143 /19. 2.16 Rs 100000; 17065205301129 Rs 100000 | കരാറുകാരൻ- ജമാൽ ഇ (143/15-16) | 15.30 ഘനമീറ്റർ | 115810.60 (15.3x 7569.32) | 1.3143 | 109920.70 (15.3x 7184.36) | 5889.90 |
| 9 | ചളിപ്പൊയിൽ കൊച്ചുകൈപ്പേൽ പടി- തരണിപടി റോഡ് 188/16 bill no. 1706 520 5301138/22.2.16 Rs. 200000 | കൺവീനർ- ബാജി സെബാസ്റ്റ്യൻ (160/15-16) | 15.12 ഘനമീറ്റർ | 99520.14 (15.12x 6582.02) | 1.3143 | 94458.42 (15.12x 6247.25) | 5061.72 |
| 10 | കാക്കനാട്ടുപടി മിച്ചഭൂമി കോളനി റോഡ് (161/16) ബിൽ നം. 1706 520 5301139/ 19.2.16 Rs. 200000; ch. no. 052672/1.3.16 Rs. 100000 | കൺവീനർ- ചേക്കുഴിയിൽ ബേബി ജോൺ (110/15-16) | 22.13 ഘനമീറ്റർ | 145660.10 (22.13x 6582.02) | 1.3143 | 138251.64 (22.13x 6247.25) | 7408.46 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| 11 | പാമ്പിഴഞ്ഞപാറ ബിഡിഒ പടി റോഡ് (179/16) bill no. 123/25.01.2016 Rs 200000 | കൺവീനർ- കദീജ തെച്ച്യാട്ടിൽ (165/15-16) | 15.76 ഘനമീറ്റർ | 103732.64 (15.76x 6582.02) | 1.3143 | 98456.66 (15.76x 6247.25) | 5275.98 |
| 12 | കക്കണ്ട് വെട്ടിക്കാട്ട് പടി റോഡ് കോൺക്രീറ്റ് (224/16) bill no. 1706 520 5301226 /19.3.16 Rs 488359 | കൺവീനർ- സിജോ ഡൊമിനിക് (159/15-16) | 38.40 ഘനമീറ്റർ | 252749.57 (38.4x 6582.02) | 1.3143 | 239894.40 (38.4x 6247.25) | 12855.17 |
| 13 | മരക്കാട്ടുപുറം മാഞ്ചാലിൽ റോഡ് (182/16) bill no. 1706 520 5301192/18.3.16 Rs 150000 | കൺവീനർ- ജയ മാഞ്ചാലിൽ (256/15-16) | 12.36 ഘനമീറ്റർ | 81353.77 (12.36x 6582.02) | 1.3143 | 77216.01 (12.36x 6247.25) | 4137.76 |
| 14 | മരക്കാട്ടുപുറം വൃന്ദാവൻ കോളനി റോഡ് (183/16) bill no. 1706 520 5301194/18.3.16 Rs 150000 | കൺവീനർ- ബിജോഷ് കെ (258/15-16) | 15.45 ഘനമീറ്റർ | 101692.21 (15.45x 6582.02) | 1.3143 | 96520.00 (15.45x 6247.25) | 5172.21 |
| 15 | എസ്റ്റേറ്റ് മുതിയോട്ടുമ്മൽ റോഡ് (184/16) bill no. 1706 520 5301197/18.3.16Rs 150000 | കൺവീനർ- ശൈലജ കെ ചോലയിൽ (257/15-16) | 12.38 ഘനമീറ്റർ | 81485.40 (12.38x 6582.02) | 1.3143 | 77340.95 (12.38x 6247.25) | 4144.45 |

| | | | | | | | |
|---|---|---|---|---|---|---|---|
| 16 | കാവുംകല്ലേൽ മാങ്കുന്ന് റോഡ് (172/16) bill no. 1706 520 5301177/14.3.16 Rs 397056 | കൺവീനർ- ജോർജ് കുരുവിക്കാട്ടിൽ (199/15-16) | 31.34 ഘനമീറ്റർ | 206280.51 (31.34x 6582.02) | 1.3143 | 195788.81 (31.34x 6247.25) | 10491.70 |
| 17 | പാണ്ടികോട് ടാങ്ക് കുന്ന് റോഡ്കോൺക്രീറ്റ് (234/16) bill no. 106/19.1. 16 Rs.300000 | കൺവീനർ- പാത്തുമ്മ ഇല്ലിക്കൽ (152/15-16) | 23.4 ഘനമീറ്റർ | 161835.57 (23.4x 6916.05) | 1.381 | 153604.38 (23.4x 6564.29) | 8231.19 |
| 18 | മാർക്കറ്റ് ബൈപ്പാസ് റോഡ്കോൺക്രീറ്റ് (237/16) bill no. 122/15-16 Rs 400000; cheq no. 052448 / 2.2.16 Rs.101924 | കോൺട്രാക്ടർ ഹംസ പുതിയോട്ടിൽ (102/15-16) | 37.5 ഘനമീറ്റർ | 283849.50 (37.5x 7569.32) | 1.3143 | 269413.50 (37.5x 7184.36) | 14436.00 |
| 19 | പാതിരാമണ്ണ് കുഴിക്കണ്ടം റോഡ്കോൺക്രീറ്റ് (242/16) bill no. 1706 520 530 1214/ 19.3.16 Rs 200000 | കൺവീനർ- ശ്രീമതി ഷഹർബാൻ പറമ്പാടൻ (203/15-16) | 14.28 ഘനമീറ്റർ | 98761.19 (14.28 x 6916.05) | 1.381 | 93738.06 (14.28 x 6564.29) | 5023.13 |
| 20 | ആനക്കാംപൊയിൽ അംഗൻവാടി റോഡ്കോൺക്രീറ്റ് (170/16) bill no.17069950320 1248/23.3.16 Rs 198948 | കൺവീനർ- ജാബിർ മംഗലശ്ശേരി (269/15-16) | 15 ഘനമീറ്റർ | 98730.30 (15 x 6582.02) | 1.3143 | 93708.75 (15 x 6247.25) | 5021.55 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| 21 | വാളവെട്ടിക്കൽപടി റോഡ്കോൺ ക്രീറ്റ് (225/16) bill no. 110/19.1.16 Rs 300000 | കൺവീനർ- റെജി സി പുൽപറമ്പിൽ (120/15-16) | 32.40 ഘനമീറ്റർ | 224080.02 (32.40 x 6916.05) | 1.381 | 212683.00 (32.4 x 6564.29) | 11397.02 |
| 22 | തറിമറ്റം വട്ടപ്പാലം പടി മണ്ഡലം റോഡ്കോൺക്രീറ്റ് (192/16) bill no. 109/19.1.16 Rs 300000 | കോൺട്രാക്റ്റർ- ജഗീഷ്കുമാർ കുന്നമ്മൽ (135/15-16) | 22.80 ഘനമീറ്റർ | 172580.50 (22.80 x 7569.32) | 1.3143 | 163803.41 (22.8 x 7184.36) | 8777.09 |
| 23 | പാറമണ്ണിൽ ചോലയിൽ റോഡ് (167/16) bill. no. 1706 520 53/ 19.1.16 Rs 300000 | കോൺട്രാക്റ്റർ- രഘുപ്രസാദ് തൊണ്ടിമ്മൽ (136/15-16) | 23.10 ഘനമീറ്റർ | 174851.29 (23.10 x 7569.32) | 1.3143 | 165958.72 (23.10 x 7184.36) | 8892.57 |
| 24 | കൽപായികടവ് റോഡ്കോൺക്രീറ്റ് പൂർത്തീകരണം (240/16) bill no. 1706 520 530 1174/10.3.16 Rs 99022; 1175/ 10.3.16 Rs 100000 | കൺവീനർ- രജിതാബീഗം (161/15-16) | 16.33 ഘനമീറ്റർ | 107484.40 (16.33 x 6582.02) | 1.3143 | 102017.59 (16.33 x 6247.25) | 5466.81 |
| 25 | ആനക്കാംപൊയിൽ വട്ടപ്പാറ കോളനി റോഡ് (167/16) bill no. 1706 520 530 1168/ 10.3.16 Rs 300000 | കൺവീനർ ചാക്കോ പേണ്ടാനത്ത് (129/15-16) | 30.86 ഘനമീറ്റർ | 203121.14 (30.86 x 6582.02) | 1.3143 | 192790.13 (30.86 x 6247.25) | 10331.01 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| 26 | കൊടക്കാട്ടുപാറ ജോയ്റോഡ് ലിങ്ക് കോൺക്രീറ്റ് ( 215/16) bill no. 1182/14.3.16 Rs 150000ചെക്ക് നം. 797435/29 .3.16 Rs 50000 | കരാറുകാരൻ- സണ്ണി ആക്കേൽ | 15.15 ഘനമീറ്റർ | 114679.20 (15.15 x 7569.32) | 1.3143 | 108843.05 (15.15 x 7184.36) | 5836.15 |
| 27 | ആനക്കാംപൊയിൽ- കാവുംകല്ലേൽ റോഡ് (171/16) bill no. 1706 520 53 01183/14.3. 16 Rs 100000; che. no.797434 /29.3.16Rs99266 | കൺവീനർ- ജോർജ് കുരുവിക്കാട്ടിൽ (194/15-16) | 16.35 ഘനമീറ്റർ | 107616.03 (16.35 x 6582.02) | 1.3143 | 102142.53 (16.35 x 6247.25) | 5473.50 |
| 28 | കാവുംകല്ലേൽ കക്കാട്ട്പാറ റോഡ്കോൺക്രീറ്റ് (199/16) bill no.01178/14.3.16 Rs 400000 | കൺവീനർ- ജോർജ് കുരുവിക്കാട്ടിൽ (200/15-16) | 32.96 ഘനമീറ്റർ | 216943.38 (32.96 x 6582.02) | 1.3143 | 205909.36 (32.96 x 6247.25) | 11034.02 |
| 29 | അത്തിപ്പാറ പാലക്കടവ് റോഡ് (220/16) billno.01187/ 14. 3.16 Rs 199992 | കൺവീനർ- അഗസ്തി കണിപ്പറമ്പിൽ (126/15-16) | 15 ഘനമീറ്റർ | 98730.30 (15 x 6582.02) | 1.3143 | 93708.75 (15 x 6247.25) | 5021.55 |
| 30 | കാളിയമ്പുഴ കൃഷ്ണഗിരി ടെമ്പിൾ റോഡ് | കൺവീനർ- വർഗീസ് | 15ഘനമീറ്റർ | 103740.75 (15 x | 1.381 | 98464.35 (15 x | 5276.4 |

| | | | | | | | |
|---|---|---|---|---|---|---|---|
| | (218/16) bill no.01184/14. 3.16 Rs 50000; che.no.797430/ 29.3.16 Rs 150000 | വെട്ടിക്കുളങ്ങര (127/15-16) | | 6916.05) | | 6564.29) | |
| 31 | അമ്പലപ്പടി ആദിവാസി കോളനി റോഡ്കോൺക്രീറ്റ് (191/16) bill no.01176/14.3.16 Rs 300000 | കൺവീനർ- ഷാജി പി ജെ പാറാട്ടു കുന്നേൽ (255/15-16) | 24.30 ഘനമീറ്റർ | 159934.08 (24.3 x 6582.02) | 1.3143 | 151808.17 (24.3 x 6247.25) | 8125.91 |
| 32 | താന്നിപൊയിൽ ചെരങ്ങവയൽ റോഡ് (214/16) bill no. 01151/ 26.2.16 Rs 250000 | കൺവീനർ- ഷാജൻജോസ് (113/15-16) | 17.99 ഘനമീറ്റർ | 124419.74 (17.99 x 6916.05) | 1.381 | 118091.57 (17.99 x 6564.29) | 6328.17 |
| 33 | പത്മിനിപടി റോഡ്കോൺക്രീറ്റ് (176/16) bill no.01162/10.3.16 Rs 100000; che.no.797432/ 29.3.16 Rs 150000 | കൺവീനർ- വിനോദ് ആനക്കല്ലേൽ (125/15-16) | 18.72 ഘനമീറ്റർ | 129468.46 (18.72 x 6916.05) | 1.381 | 122883.50 (18.72 x 6564.29) | 6602.96 |
| 34 | തുമ്പക്കോട് കൃഷ്ണഗിരി ക്ഷേത്രം റോഡ് ( 219/16) bill no. 01173/ 10.3.16 Rs 179279 | കൺവീനർ- അഗസ്റ്റി കാണിപറമ്പിൽ (124/15-16) | 14.71 ഘനമീറ്റർ | 96821.51 (14.71x 6582.02) | 1.3143 | 91897.04 (14.71x 6247.25) | 4924.47 |

| | | | |
|---|---|---|---|
| | | ആകെ | 234290.86 |

കോൺക്രീറ്റ് മിശ്രിതത്തിന് അധികനിരക്ക് അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (5/15-16 തി. 15.11.2016) മറുപടി നൽകിയിട്ടില്ല. അധികം നൽകിയ 234291രൂപ അസിസ്റ്റന്റ് എൻജിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 അർഹതയില്ലാത്ത ഗുണഭോക്താവിന് ലാപ്പ് ടോപ്പ് നൽകി

പ്രൊജക്റ്റ് നം - എസ്.ഒ.32/ 2015-16

പട്ടികജാതി പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ്

അടങ്കൽ - 800000 രൂപ (വികസന ഫണ്ട് ജനറൽ)

ചെലവ് - 73600/- ബിൽ നം.10/2015-16/31-03-2016

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് . കെൽട്രോണിൽ നിന്ന് 2 കമ്പ്യൂട്ടറുകൾ വാങ്ങി നല്കിയിട്ടുണ്ട് . രേഖകൾ പരിശോധിച്ചതിൽ ഇതിൽ കമ്പ്യൂട്ടർ കൈപ്പറ്റിയ ശരണ്യ ശശി എന്ന വിദ്യാർത്ഥിനി 2014-15 സാമ്പത്തിക വർഷത്തിൽ പഠനം പൂർത്തിയാക്കിയിട്ടുള്ളതാണ്. കെ.എം.സി.ടി കോളേജ് പ്രിൻസിപ്പാൾ 19-03-2016 ൽ നൽകിയിട്ടുള്ള സർട്ടിഫിക്കറ്റ് (നം. CON/18/16) പ്രകാരം ശരണ്യ ശശി എന്ന വിദ്യാർത്ഥിനി 2012-13 വർഷത്തിൽ 4ാം വർഷ ബി.എസ്സ്.സി നഴ്സിങ്ങ് കോഴ്സിന് പഠിക്കുകയാണ്. അതായത് 2014-15 വർഷത്തിൽ പഠനം പൂർത്തിയാക്കിയിട്ടുള്ള വിദ്യാർത്ഥിനിയ്ക്കാണ് 2015-16 വർഷത്തിൽ കമ്പ്യൂട്ടർ വാങ്ങി നൽകിയിട്ടുള്ളത്.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. മറുപടിയിൽ 2012-13 ലാണ് കോഴ്സ് ആരംഭിച്ചിട്ടുള്ളത് എന്നത് ശരിയല്ല. 36800 രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല

## 3-3 പെയിൻ &പാലിയേറ്റിവ് കെയർ പദ്ധതി നടത്തിപ്പിലെ പോരായ്മകൾ

പ്രൊജക്റ്റ് - പെയിൻ &പാലിയേറ്റിവ് കെയർ പദ്ധതി

നം - 36/16

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (പി എച്ച് സി)

അടങ്കൽ - 5,00,000 രൂപ (വികസന ഫണ്ട്- എസ് ടി)

ചെലവ് - 5,00,000രൂപ

1) 156019 രൂപ (ബിൽ നം. 3/15-16 തി. 26.3.2016)

2) 200171 രൂപ (ബിൽ നം. 2/15-16 തി. 16.12.2015)

3) 143810 രൂപ (ബിൽ നം. 1/15-16 തി. 23.09.2015)

പാലിയേറ്റിവ് കെയർ പദ്ധതി നടത്തിപ്പിനായി ഹോം കെയർ വണ്ടി വാടക, നഴ്സിന്റെ വേതനം, ടീമിനുള്ള ഭക്ഷണത്തിന് ഉള്ള തുക, മരുന്ന് വാങ്ങാനും വാട്ടർബെഡ് മുതലായവ വാങ്ങാനും ഉള്ള തുകയാണ് വകയിരുത്തിയിരിക്കുന്നത്. ഇതേ ആവശ്യത്തിനായി തന്നെയാണ് ചെലവഴിച്ചിരിക്കുന്നത്.

ഓരോ ബിൽ പ്രകാരം പിൻവലിച്ച തുകയും ചെലവഴിച്ച തുകയും താഴെ കൊടുക്കുന്നു :-

| ക്രമ നം | ഇനം | ബിൽ തുക | | |
|---|---|---|---|---|
| | | 156019 | 200171 | 14380 |
| 1 | നഴ്സിന്റെ ഹോണറേറിയം | 40000 | 30000 | 50000 |
| 2 | വണ്ടി വാടക | 54300 | 38500 | 70400 |
| 3 | മാസ മീറ്റിംഗ്- ലഘുഭക്ഷണം | 3000 | 10500 | 3000 |

| | | | | |
|---|---|---|---|---|
| 4 | വോളണ്ടിയർ- ലഘുഭക്ഷണം | 12900 | 6500 | 19200 |
| 5 | വോളണ്ടിയർ- പരിശീലനം | | 19000 | |
| 6 | ഫോൺ ചാർജ് | 800 | 600 | 1000 |
| 7 | മരുന്ന് | 31000 | 58188 | |
| 8 | പ്രിന്റിംഗ് & സ്റ്റേഷനറി | 14019 | 883 | 210 |
| 9 | പാലിയേറ്റിവ് ഡേ- രോഗീ സംഗമം - വണ്ടി വാടക | | 10000 | |
| 10 | പാലിയേറ്റിവ് ഡേ- ഭക്ഷണം | | 25000 | |
| 11 | പരിശീലനം ഫീസ് | | 1000 | |
| | ആകെ | 156019 | 200171 | 143810 |

പദ്ധതി നടത്തിപ്പിലെ പോരായ്മകൾ താഴെ പറയുന്നു.

1) പാലിയേറ്റിവ് പരിചരണം മാർഗരേഖ സ.ഉ (സാധാ) 3217/2015 തസ്വഭവ. തി. 29.10.2015; ഖ. 2.6.7 (2) പ്രകാരം ഈ ആവശ്യത്തിനുള്ള മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ/ കാരുണ്യ ഫാർമസിയിൽ നിന്നോ വാങ്ങേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ മരുന്ന് ലഭ്യമാകുമോ എന്ന് നോക്കാതെ തിരുവമ്പാടി നീതി മെഡിക്കൽസിൽ നിന്നാണ് മരുന്ന് വാങ്ങിയത്. 89,188 രൂപയുടെ മരുന്ന് വാങ്ങിയപ്പോൾ ബില്ലിൽ കാണിച്ച MRP നിരക്കാണ് ഈടാക്കിയത്. ഡിസ്കൗണ്ട് ലഭ്യമാക്കിയതായി കാണുന്നില്ല. 7.12.2015 ന് 58,188 രൂപയും, 19.3.2016 ന് 31000 രൂപയുമാണ് മരുന്ന് വാങ്ങിയത്. ഈ മരുന്ന് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖയും ലഭ്യമല്ല.

2) മേൽ ഉത്തരവ് ഖ. 2.6.5.(3) പ്രകാരം വാഹനം സ്വന്തമായി ആശുപത്രിക്ക് ലഭ്യമല്ലെങ്കിൽ ക്വട്ടേഷൻ ക്ഷണിച്ച് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുന്നവർക്ക് നൽകണം. ഇത് പരമാവധി ഒരു തവണ 6 മാസത്തേക്ക് ആയിരിക്കണം. ഇതിൽ ഒരു ദിവസം നൽകാവുന്ന വാടക വ്യക്തമാക്കിയിട്ടുണ്ട്. ജീപ്പിന് കി. മീ ന് 12 രൂപയും, വെയിറ്റിംഗ് ചാർജ് മണിക്കൂറിന് 50 രൂപയുമാണ്. എന്നാൽ ഇങ്ങനെ നടപടികൾ സ്വീകരിച്ചത് വ്യക്തമാക്കിയിട്ടില്ല. കൂടാതെ വാടക കി. മീ നിരക്കിൽ ചില ദിവസങ്ങളിൽ വളരേയേറെ വ്യത്യാസപ്പെട്ടിരിക്കുന്നു.

3) ഹോം വിസിറ്റിന് എത്ര ആളുകൾ (3; 4 ) പോയാലും ലഘുഭക്ഷണചെലവായി എല്ലാ ദിവസവും 300 രൂപ നൽകിയിട്ടുണ്ട്. ഇതിന്റെ വൗച്ചർ എല്ലാം തന്നെ ഗ്രാമപഞ്ചായത്തിലെ മറ്റൊരു സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഹോട്ടലിന്റേതാണ്.

4) മേൽ ഉത്തരവ് ഖ. 2.6.13. (1) പ്രകാരം രോഗികളുടെയും, കുടുംബങ്ങളുടെയും, സന്നദ്ധപ്രവർത്തകരുടെയും വാർഷിക സംഗമം വിളിച്ച് ചേർക്കാവുന്നതാണ്. ഇത് ആർഭാടരഹിതമായി സംഘടിപ്പിക്കണം. ഇതിലെ ഭക്ഷണത്തിന് ചെലവിനായി ഒരാൾക്ക് 60 രൂപ വീതവും, മറ്റു ചെലവുകൾക്ക് പരമാവധി 3000 രൂപയും ചെലവഴിക്കാവുന്നതാണ്. എന്നാൽ ഇവിടെ ഭക്ഷണത്തിന് 25000 രൂപയും (250 ആളുകളാണ് പരിപാടിയിൽ പങ്കെടുത്തത്. ഒരാൾക്ക് ഭക്ഷണത്തിന് 100 രൂപ ചെലവഴിച്ചു.), മറ്റു ചെലവുകൾ ( അനൗൺസ്മെന്റ്, മൈക്ക് വാടക) ക്കായി 10,000 രൂപയും ചെലവഴിച്ചിട്ടുണ്ട്. ചെണ്ടമേളത്തിനായി 4000 രൂപയും, രോഗികളെ തിരുവമ്പാടി എത്തിക്കാൻ 10,000 രൂപയും ചെലവഴിച്ചിട്ടുണ്ട്. ഉത്തരവിൽ അനുവദിച്ചതിനേക്കാൾ തുക ചെലവഴിച്ചു.

5) 200171 രൂപ യുടെ ബില്ലും; 156019 രൂപയുടെ ബില്ലിലും, ട്രിപ്പ് ഷീറ്റുകൾ വെച്ചതിൽ ഒന്നിലും തന്നെ കി. മീ. തിരിച്ചെത്തിയ സമയം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഇതില്ലാതെ എങ്ങനെയാണ് വാടക കണക്കാക്കിയതെന്ന് വ്യക്തമാക്കിയിട്ടില്ല.

6) 16.3.2016 ന് രജിസ്റ്റർ പ്രകാരം ഹോം വിസിറ്റ് നടത്തിയിട്ടില്ല. എന്നാൽ ഈ ദിവസവും ഫീൽഡിൽ പോയതായി ട്രിപ്പ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (1/15-16 dtd.9.11.2016) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 500000 രൂപ തടസ്സത്തിൽവെക്കുന്നു.

## 3-4 അഗതി ആശ്രയ മെഡിക്കൽ ക്യാമ്പ് - മാർഗനിർദ്ദേശങ്ങൾക്കെതിരെ പ്രൊജക്ട് നടപ്പാക്കി

പ്രൊജക്ട് – അഗതി ആശ്രയ മെഡിക്കൽ ക്യാമ്പ്

നം. - 37/16

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (പി എച്ച് സി)

അടങ്കൽ - 40,000 രൂപ (വികസന ഫണ്ട്)

ചെലവ് - 40,000രൂപ (ബിൽ നം. 1706 280 05301243 തി. 23.3.2016)

അഗതി ആശ്രയ വിഭാഗത്തിൽപ്പെട്ടവർക്കായി മെഡിക്കൽ ക്യാമ്പ് നടത്താനായാണ് ഈ പ്രൊജക്ട് തയ്യാറാക്കിയിരിക്കുന്നത്. ഇതിനായി, മേൽപ്പറഞ്ഞ ബിൽ പ്രകാരം 40,000രൂപക്ക് മരുന്ന് തിരുവമ്പാടി നീതി സ്റ്റോറിൽ നിന്നും വാങ്ങി.

പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു :-

1) സ. ഉ. (എം എസ്) 362/ 2013 തസ്വഭവ. തി. 16.11.2013 അനുബന്ധം 14 ഖ. 6.3.(i); പ്രകാരം ക്ഷയം, കുഷ്ഠം, ക്യാൻസർ, എയ്ഡ്സ്, ഹൃദ്രോഗം തുടങ്ങിയവയ്ക്ക് ഇരയായിട്ടുള്ള അഗതികളുടെ ചികിത്സക്കായി കൈമാറ്റം ചെയ്തിട്ടുള്ള ആശുപത്രികളിൽ ലഭ്യമായ സേവനം പ്രയോജനപ്പെടുത്തണം എന്നും, ഖ. (vi) പ്രകാരം ഇത്തരം രോഗങ്ങളുടെ ചികിത്സക്ക് മെഡിക്കൽ കോളെജുകളിലും, ജില്ലാ/ജനറൽ ആശുപത്രികളിലും ലഭ്യമായ സ്പെഷലിസ്റ്റ് ഡോക്ടർമാരുടെ സേവനവും പ്രയോജനപ്പെടുത്തേണ്ടതാണ്. ഇതിനു വേണ്ടി പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കാവുന്നതും, ചെലവ് അഗതി പുനരധിവാസ ഫണ്ടിൽ നിന്നും വഹിക്കാവുന്നതുമാണ്. എന്നാൽ ഇവിടെ ഏത് സാഹചര്യത്തിൽ ആണ് ക്യാമ്പ് നടത്തിയതെന്നും മരുന്ന് വാങ്ങിയതെന്നും വ്യക്തമാക്കിയിട്ടില്ല.

2) ഈ മരുന്നുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖ ഇല്ല.

3) മേൽ ഉത്തരവ് അനുബന്ധം 1, ഖ. 7 (vi) പ്രകാരം നിർദ്ധനരായ രോഗികളെ ഉൾപ്പെടുത്തി തയ്യാറാക്കുന്ന പ്രൊജക്ടിൻ കീഴിൽ ആശുപത്രിയിൽ ലഭ്യമല്ലാതെ വരുന്ന മരുന്നുകൾ, സർക്കാർ /അർദ്ധസർക്കാർ/ സർക്കാർ അംഗീകരിച്ച സ്ഥാപനങ്ങൾ, ഏജൻസികളിൽ ലഭ്യമല്ലെങ്കിൽ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ അടുത്തുള്ള നീതി സ്റ്റോറിൽ നിന്നും മരുന്നുകൾ ലഭ്യമാക്കി ചെലവ് ബന്ധപ്പെട്ട നീതി സ്റ്റോറിന് നൽകാവുന്നതുമാണ്. ആയത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അനുമതിക്ക് വിധേയമായി മാത്രം ചെയ്യേണ്ടതും ആണ്.

എന്നാൽ ഇത്തരത്തിൽ മെഡിക്കൽ കോർപ്പറേഷനിൽ മരുന്നുകൾ ഇല്ല എന്ന് തെളിയിക്കുന്ന രേഖ ഇല്ല. കൂടാതെ മരുന്ന് വാങ്ങുന്നതിനു മുമ്പായി ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും എൻ എ സി ലഭ്യമാക്കിയതിന്റെ രേഖയും ഇല്ല.

4) നീതി സ്റ്റോറിൽ നിന്നും 26.03.2016 നാണ് മരുന്നുകൾ വാങ്ങിയത്. ഈ രസീതിയിൽ 10% മുതൽ 40% വരെ ഡിസ്കൗണ്ട് അനുവദിക്കും എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, അതിൽ രേഖപ്പെടുത്തിയ എം.ആർ.പി പ്രകാരമുള്ള തുക തന്നെയാണ് ഈടാക്കിയത്.

5) അഗതി ആശ്രയ വിഭാഗത്തിൽപ്പെട്ടവർക്കായി ആണ് മരുന്നുകൾ വാങ്ങിയതെങ്കിലും ഇവർക്ക് തന്നെയാണ് ഈ മരുന്നുകൾ നൽകിയതെന്ന് വ്യക്തമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (2/15-16 dtd.9.11.16) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 40000 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-5 ട്രൈബൽ മെഡിക്കൽ ക്യാമ്പ് - മാർഗനിർദ്ദേശങ്ങൾക്കെതിര്

പ്രൊജക്ട് - ട്രൈബൽ മെഡിക്കൽ ക്യാമ്പ്

നം - 40/16

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (പി എച്ച് സി)

അടങ്കൽ - 100,000 രൂപ (വികസന ഫണ്ട്- എസ് ടി)

ചെലവ് - 100,000രൂപ (ബിൽ നം. 1706 280 05301256 തി. 24.3.2016)

പ്രൊജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ നാല് ട്രൈബൽ കോളനികളിൽ എസ്.ടി കുടുംബങ്ങൾക്ക് മാസത്തിലൊരിക്കൽ വൈദ്യ പരിശോധന, മരുന്ന് നൽകൽ എന്നിവയാണ്. ഇതിനായി, 30,000 രൂപ മരുന്ന് വാങ്ങാനും, 49,800 രൂപ വണ്ടി വാടകയിനത്തിലും, 20,200 രൂപ റിഫ്രഷ്മെന്റ് ഇനത്തിലും ചെലവഴിച്ചു. 28.03.2016 നാണ് 30000 രൂപയുടെ മരുന്ന് തിരുവമ്പാടി നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും വാങ്ങിയത്. വർഷം മുഴുവനും ക്യാമ്പുകൾ നടത്തിയതിന് പണം ചെലവഴിച്ചതായി കാണുന്നു.

പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു

1) ക്യാമ്പുകൾ നടത്തിയതിന് തെളിവായി ഓരോ ക്യാമ്പും എന്നാണ് നടത്തിയതെന്നും അതിൽ പങ്കെടുത്തവരുടെ എണ്ണം, അവർക്ക് നൽകിയ മരുന്നുകളുടെ വിവരം എന്നിവ വ്യക്തമാക്കിയിട്ടില്ല.

2) മരുന്നുകൾ വാങ്ങി സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖ ഇല്ല.

3) 28.03.2016 നാണ് ഈ ആവശ്യത്തിനായി 30000 രൂപയുടെ മരുന്നുകൾ വാങ്ങിയത്. എന്നാൽ 2015 ഏപ്രിൽ മാസം മുതൽ ക്യാമ്പ് നടത്തിയതായി വണ്ടിയുടെ ട്രിപ്പ് ഷീറ്റുകൾ കാണിക്കുന്നു. ആ സമയങ്ങളിൽ മരുന്ന് നൽകിയിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ എവിടെ നിന്നാണ് മരുന്ന് ലഭ്യമാക്കിയത് എന്നും

വ്യക്തമാക്കിയിട്ടില്ല.

4) ഒരു ലക്ഷം രൂപ ചെലവഴിച്ചതിൽ കേവലം 30,000 രൂപ മാത്രമാണ് മരുന്നിനായി ചെലവഴിച്ചത്.

5) ഓരോ ക്യാമ്പിലും ഭക്ഷണം നൽകാനായി ഒരാൾക്ക് 20 രൂപ വീതം തുക ചെലവഴിച്ചിട്ടുണ്ട്. ഇത് മാർഗനിർദ്ദേശങ്ങൾക്കെതിരാണ്. (ലഘു ഭക്ഷണം നൽകിയ ബില്ലിൽ മാത്രമാണ് ആളുകളുടെ എണ്ണം ഉള്ളത്). എല്ലാ തവണയും ഒരേ ഹോട്ടലിന്റെ ബിൽ ആണ് ലഭ്യമാക്കിയത്. ഇവർ പഞ്ചായത്തിന്റെ മറ്റൊരു സ്ഥലത്ത് ആണ് സ്ഥിതി ചെയ്യുന്നത്. ഇവർ ക്യാമ്പുകളിൽ ലഘുഭക്ഷണം എത്തിച്ച കൊടുത്തതാണോ എന്ന് വ്യക്തമാക്കിയിട്ടില്ല.

6) വണ്ടി വാടക ഒരേ സ്ഥലത്ത് പോയതിനും, ഒരേ സമയം ചെലവഴിച്ചതിനും വ്യത്യസ്ത തുകയാണ് ഈടാക്കിയത്.

| വിവരണം | ഈടാക്കിയ തുക |
|---|---|
| 12.5.2015 ന് മുത്തപ്പൻ പുഴ ട്രൈബൽ മെഡിക്കൽ ക്യാമ്പ്. 68 കി. മീ ദൂരം. 9മണി മുതൽ 3 മണി വരെ ചെലവഴിച്ചു. | 1200 |
| 25.5.2015 ന് ടി | 1000 |

ഇങ്ങനെ ട്രിപ്പ് ഷീറ്റുകൾ പ്രകാരം ഒരേ മാസം ഒരേ ദൂരം, ഒരേ സമയം ചെലവഴിച്ചതിന് വ്യത്യസ്ത നിരക്കുകൾ ആണ് ഈടാക്കിയത്.

7) വണ്ടിയുടെ വാടക നൽകാതെ ക്യാമ്പ് ഉണ്ടെന്ന് മാത്രം കാണിച്ച് ഭക്ഷണത്തിന് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| ക്രമ നം | തിയ്യതി | ആളുകളുടെ എണ്ണം | നൽകിയ തുക |
|---|---|---|---|
| 1 | 23.07.2015 | 9 | 180 |
| 2 | 13.08.2015 | 20 | 400 |
| 3 | 22.09.2015 | 17 | 340 |
| 4 | 26.11.2015 | 18 | 360 |
| 5 | 23.03.2016 | 16 | 320 |
| | | ആകെ | 1600 |

ഇതനുസരിച്ച്, വണ്ടി ഉപയോഗിക്കാതെ ടി സ്ഥലങ്ങളിൽ എങ്ങനെയാണ് എത്തിയതെന്ന് വ്യക്തമാക്കിയിട്ടില്ല.

8) താഴെ പറയുന്ന ദിവസങ്ങളിൽ ട്രിപ്പ് ഷീറ്റുകൾ പ്രകാരം ക്യാമ്പ് നടത്തിയിട്ടുണ്ട്. എന്നാൽ ഇവർക്ക് ഭക്ഷണം നൽകിയതായി കാണിക്കുന്നില്ല. അതായത് ചില ദിവസങ്ങളിൽ ഇവ രണ്ടും പൊരുത്തപ്പെടുന്നില്ല.

| ക്രമ നം | തിയ്യതി | ക്യാമ്പ് നടത്തിയ സ്ഥലം | കി. മീ | നൽകിയ തുക |
|---|---|---|---|---|
| 1 | 8.5.2015 | മുത്തപ്പൻപുഴ | 108 | 1700 |
| 2 | 26.5.2015 | മേലേ പൊന്നാങ്കയം | 52 | 1000 |
| 3 | 28.5.2015 | ഓടപ്പൊയിൽ | 70 | 1300 |
| 4 | 30.5.2015 | മേലേ പൊന്നാങ്കയം | 75 | 1000 |
| 5 | 14.7.2015 | മുത്തപ്പൻപുഴ | 80 | 1400 |
| 6 | 25.8.2015 | മേലേ പൊന്നാങ്കയം | 64 | 1200 |
| 7 | 28.12.2015 | മേലേ പൊന്നാങ്കയം | 50 | 700 |

9) ക്യാമ്പിൽ പോകാനായി വാഹനം ക്വട്ടേഷൻ ക്ഷണിച്ച് ഏർപ്പാടാക്കിയതിന്റെ വിവരം ലഭ്യമല്ല.

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കിയില്ല. ചെലവ് തുക 100,000രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-6 പത്ര പരസ്യത്തിന് അധിക നിരക്ക് അനുവദിച്ചു.

പ്രൊജക്ട് നം - എസ്.ഒ124 / 2015-16

പദ്ധതി ആസൂത്രണ നിർവ്വഹണ ചെലവ്

അടങ്കൽ - 100000 രൂപ (വികസന ഫണ്ട് -ജനറൽ)

750000 രൂപ (തനത് ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികളുടെ ടെണ്ടർ പരസ്യം പത്രങ്ങളിൽ നല്കുന്നതിന് പണം ചെലഴിച്ചിട്ടുണ്ട് . ഇതിനായി സമർപ്പിച്ചിട്ടുള്ള ബില്ലുകൾ, പത്ര പരസ്യങ്ങൾ എന്നിവയുടെ വിവരം താഴെ കൊടുക്കുന്നു. പരസ്യത്തിന്റെ ഉയരം സെന്റീ മീറ്ററിലും വീതി കോളം അടിസ്ഥാനത്തിലും കണക്കാക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. ഇവിടെ പരസ്യത്തിന്റെ വീതിയും സെന്റീമീറ്ററിലാണ് കാണിച്ചിട്ടുള്ളത്. ചെലവിൽ 15% ഇളവ് അനുവദിക്കണമെന്നുണ്ട്. ഈ ഇളവും ലഭ്യമാക്കിയിട്ടില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽനമ്പർ പരസ്യ തിയ്യതി | അനുവദിച്ചതുക | ചെക്ക്.നംമ്പർ തിയ്യതി |
|---|---|---|
| മാധ്യമം ദിന പത്രം<br>10-01-2016 | 3.8 സെ.മീ. വീതി x 7.5സെ.മീ. നീളം<br>=28.5 x 70.18(നിരക്ക്)=2000 രൂപ | 70690/26-02-2016<br>Rs.2000/- |
| മാധ്യമം ദിന പത്രം<br>19-01-2016 | 8 സെ.മീ. വീതി x 5സെ.മീ. നീളം<br>=40 x 70(നിരക്ക്)=2800 രൂപ | 70714/18-03-2016<br>Rs.2800/- |
| മലയാള മനോരമ പത്രം<br>03-03-2016 | 8 സെ.മീ. വീതി x 8സെ.മീ. നീളം<br>=64 x 192(നിരക്ക്)=12288 രൂപ | 70736/21-03-2016<br>Rs.12288/- |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (15/2015-16) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-7 അതുല്യം പദ്ധതി - പദ്ധതി മാർഗരേഖ കൃത്യമായി പാലിക്കുന്നില്ല.

പ്രൊജക്ട് - അതുല്യം പദ്ധതി

നം - 152/16

നിർവ്വഹണ ഉദ്യോഗസ്ഥൻ- ഹെഡ്മാസ്റ്റർ

അടങ്കൽ - 1,00,000 രൂപ (വികസന ഫണ്ട്- )

ചെലവ് - 46476 രൂപ (ബിൽ നം. 52201201/15-16 തി. 18.3.2016)

മേൽപറഞ്ഞ പ്രൊജക്ടിന് 1,00,000 രൂപ വികസനഫണ്ട് വകയിരുത്തിയിട്ടുണ്ട്. പ്രേരക്മാർക്ക് ഹോണറേറിയം, പുസ്തകം, പരിശീലനം, പ്രചരണം, ഡോക്യുമെന്റേഷൻ, പഠിതാക്കളുടെ സംഗമം, എന്നിവയ്ക്കാണ് തുക വകയിരുത്തിയിരിക്കുന്നത്. 46,476 രൂപ ഈ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. ആറ് ഇൻസ്ട്രക്ടർമാർക്ക് വേതനം നൽകാനായി 24,000 രൂപയും, ഓണറേറിയം, യാത്രാബത്ത, നടത്തിപ്പുചെലവുകൾക്കായി 22,476 രൂപയും ചെലവഴിച്ചിട്ടുണ്ട്. സ.ഉ. (സാധാ) 2735/14 തസ്വഭവ തി. 21.10.2014 പ്രകാരം അതുല്യം സമ്പൂർണ്ണ വിദ്യാഭ്യാസ പരിപാടി എന്ന പ്രൊജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. സ.ഉ (എം എസ്) 362/2013 തസ്വഭവ 16.11.2013 അനുബന്ധം 1, ഖ.6(vii) പ്രകാരം സാക്ഷരതാപ്രവർത്തനങ്ങൾക്ക് വിവിധ ക്ലാസുകളിലെ പരീക്ഷ എഴുതുന്നവർക്ക് സാക്ഷരതാമിഷൻ നൽകുന്ന പാഠപുസ്തകങ്ങളുടെ വിലയും, മിഷനിൽ അടക്കേണ്ട ഫീസും നൽകാവുന്നതാണ്. എന്നാൽ യാത്രാബത്ത, നടത്തിപ്പുചെലവുകൾക്കായി പണം അനുവദിക്കാമോ എന്നതിനെ കുറിച്ച് വ്യക്തമാക്കിയിട്ടില്ല. അതിനാൽ ഇക്കാര്യം വ്യക്തമാക്കിയ ഉത്തരവ് ഹാജരാക്കാത്തതിനാൽ ചെലവ് തുക 46476 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-8 വാഹന ഉപയോഗത്തിലെ അപാകതകൾ

പഞ്ചായത്തിലെ KL- 57 3924 നമ്പർ വാഹനത്തിന്റെ ഉപയോഗത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1) വാങ്ങിയ ഇന്ധനം വാഹനത്തിൽ നിറച്ചില്ല

പഞ്ചായത്തിലെ വാഹനത്തിൽ ഇന്ധനം നിറച്ചതിനുള്ള ബില്ലുകളും വാഹനത്തിന്റെ ലോഗ് ബുക്കും പരിശോധിച്ചു. താഴെ പറയുന്ന തിയ്യതികളിൽ വാങ്ങിയിട്ടുള്ള 27538 രൂപയുടെ ഇന്ധനം വാഹനത്തിൽ നിറച്ചതിന് ലോഗ് ബുക്കിൽ രേഖപ്പെടുത്തൽ ഇല്ല.

| ചെക്ക് നമ്പർ, തിയ്യതി | ചെലവ് തുക(തനതുഫണ്ട്) | ഇന്ധനം വാങ്ങിയ തിയ്യതി | വില |
|---|---|---|---|
| 434281/21-11-15 | 14355 | 07-09-2015 | 1441.80 |
| | | 11-09-2015 | 1441.80 |
| | | 03-10-2015 | 1702.75 |
| | | 07-10-2015 | 1459.50 |
| | | 10-10-2015 | 1508.15 |
| | | 14-10-2015 | 1605.45 |
| | | 07-10-2015 | 1470.72 |
| | | 24-10-2015 | 1539.77 |
| | | 28-10-2015 | 1142.41 |
| | | 31-10-2015 | 1043.07 |
| 434302/04-01-16 | 7322 | 01-11-2015 | 1063 |
| | | 02-11-2015 | 1119.51 |
| | | 06-11-2015 | 979.88 |
| | | 17-11-2015 | 1520.70 |
| | | 25-11-2015 | 1470.01 |
| | | 30-11-2015 | 1169 |
| 70676/20-0216 | 5861 | 05-12-2015 | 1462.18 |
| | | 08-12-2015 | 1401.67 |
| | | 12-12-2015 | 1500 |
| | | 26-12-2015 | 1497.50 |
| ആകെ | 27538 | | |

2) യാത്രകൾ സാക്ഷ്യപ്പെടുത്തുന്നില്ല

ലോഗ് ബുക്ക് പരിശോധിച്ചതിൽ പല യാത്രകളും യാത്ര ചെയ്ത ഉദ്യോഗസ്ഥനോ കൺട്രോളിങ്ങ് ഓഫീസറോ ഒപ്പുവെച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഉദാഹരണം 1).26-08-2015 മുതൽ 07-09-2015 വരെയുള്ള യാത്ര. 2). 14-10-2015 മുതൽ 09-11-2015 വരെയുള്ള യാത്ര. പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സെക്രട്ടറി, VEO,AE എന്നിവരൊക്കെ യാത്ര ചെയ്തതായി കാണിക്കുന്നുണ്ടെങ്കിലും ആരും സാക്ഷ്യപ്പെടുത്തിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (14/2015-16) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുതുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-9 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങാൻ പണമടച്ചു. മരുന്ന് കിട്ടിയില്ല.

പ്രൊജക്റ്റ് - ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

നം - 38/16

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (ഹോമിയോ)

അടങ്കൽ - 1,00,000 രൂപ (എം ജി നോൺ റോഡ്)

ചെലവ് - 1,00,000രൂപ (ബിൽ നം. 1/15-16 തി. 28.02.2016)

മേൽ ബിൽ പ്രകാരം 1,00,000രൂപ മരുന്ന് ലഭ്യമാക്കാൻ കേരള സംസ്ഥാന ഹോമിയോപതി സഹകരണ

ഫാർമസിക്ക് പണം അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി മരുന്ന് ലഭ്യമായിട്ടില്ല.

ഇതുവരെ മരുന്നുകൾ ലഭ്യമാവാത്തതിനും, പദ്ധതികൾ മാസങ്ങൾക്ക് മുമ്പേ അംഗീകാരം ലഭിച്ചിട്ട് 11.03.2016 ലാണ് ഡി. ഡി. മേൽ സ്ഥാപനത്തിന് അയച്ചത്. ഇത്ര കാലതാമസം വരുത്താനുണ്ടായതിന്റെയും കാരണമായി മെഡിക്കൽ ഓഫീസർ വിശദീകരിച്ചത് മുൻവർഷം മരുന്ന് ലഭിച്ചത് വൈകിയാണെന്നും അത് തീരാതെ മരുന്നിന് ഓർഡർ നൽകിയാൽ ആവശ്യത്തിൽ കൂടുതൽ ആവാനുള്ള സാധ്യത ഉണ്ടെന്നുമാണ്. മരുന്ന് ഇതുവരെ ലഭിക്കാത്തതിനാൽ ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

## 3-10 ട്രാൻസ്പോർട്ടേഷൻ ചാർജ് അനുവദിച്ചതിലെ അപാകത

പ്രൊജക്ട് നം - എസ്,ഒ. 11 / 2015-16

അങ്കണവാടി പോഷകാഹാരം

നിർവ്വഹണ ഉദ്യോഗസ്ഥ - ഐ.സി..ഡി.എസ്. സൂപ്പർ വൈസർ

മേൽ പദ്ധതിയിൽ ബിൽ നം. 5/2015-16/22-02-2016 പ്രകാരം പിൻവലിച്ച് 314947 രൂപയിൽ 1845 രൂപ820 കിലോ ഗ്രാം WBNP അരി ഇറക്കിതിനുള്ള ട്രാൻസ്പോർട്ടേഷൻ ചാർജായി ശ്രീ. റോബിന് നല്കിയിട്ടുണ്ട് (820X2.25 ). എന്നാൽ ഈ അരി സ്റ്റോക്കിൽ എടുത്ത് വിതരണം ചെയ്തിട്ടില്ല. അരി ലഭിച്ചതിന്റെ ബില്ലും ഹാജരാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (12/2015-16) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുതുക 1845/- അംഗീകരിക്കുന്നില്ല.

## 3-11 ഐ. എ. വൈ (എസ്.സി) അധിക വിഹിതം നല്കൽ പദ്ധതി- വിനിയോഗ വിവരം ലഭിച്ചില്ല

പ്രൊജക്ട് നം - എസ്,ഒ. 04 / 2015-16

അടങ്കൽ - 400000 രൂപ (എസ്.സി. പി )

ചെലവ് തുക - 220000 രൂപ (ബിൽ നം. 4/2015-16/20-01-2016

നിർവ്വഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് സെക്രട്ടറി

പഞ്ചായത്തിലെ ഐ. എ. വൈ.(എസ്.സി) പദ്ധതിയിൽ 7ഗുണഭോക്താക്കൾക്കുള്ള ഗ്രാമപഞ്ചായത്ത് വിഹിതം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഡി.ഡി. നം. 052355/18-02-2016 പ്രകാരം തുക ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കൈമാറിയിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1) 220000 രൂപയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

2) പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ (ഗുണഭോക്താക്കളുടെ പേര് , ഗുണഭോക്തൃ ലിസ്റ്റ്മുതലായവ) ലഭ്യമാക്കേണ്ടതാണ്.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (8/2015-16) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുതുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-12 തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണം- വിനിയോഗവിവരം ലഭ്യമാക്കിയില്ല.

പ്രൊജക്ട് - തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണം- ജില്ലാപഞ്ചായത്ത് വിഹിതം നൽകൽ

നം - 270/16

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

അടങ്കൽ - 200000 രൂപ (ധനകാര്യ കമ്മിഷൻ ഗ്രാന്റ്)

ചെലവ് - 200000രൂപ (ബിൽ നം. 18/15-16 തി. 9.10.2015)

മേൽ പറഞ്ഞ പ്രൊജക്ടിൽ 200000 രൂപ തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണത്തിനായി ജില്ലാപഞ്ചായത്ത് വിഹിതമായി കൈമാറിയിട്ടുണ്ട്. ഈ തുക വിനിയോഗിച്ചതിന്റെ വിവരം ലഭ്യമാക്കാത്തതിനാൽ ചെലവ് ചെയ്ത 200000 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-13 ആശ്രയ – പദ്ധതി നടത്തിപ്പിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ നിരാലംബരും നിരാശ്രയരും അടിസ്ഥാന ജീവിതോപാധികൾ നിഷേധിക്കപ്പെട്ടവരുമായ കുടുംബങ്ങൾക്ക്സ്ഥലം,വീട്,കക്കൂസ്,തൊഴിൽ,കുടിവെള്ളം,ഭക്ഷണം,ചികിൽസ, വിദ്യാഭ്യാസം എന്നിവ ലഭ്യമാക്കി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് അവരെ ഉയർത്തിക്കൊണ്ടുവരുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന ഒരു സമഗ്രപാക്കേജാണ് ആശ്രയ. 2015-16 വർഷങ്ങളിലെ ആശ്രയ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. വിലയിരുത്തൽ സമിതി യോഗം ചേരുന്നില്ല.

ആശ്രയ പദ്ധതിയുടെ പൊതുനടത്തിപ്പിന്റെ മേൽനോട്ടം വിലയിരുത്തൽ സമിതിയിൽ നിക്ഷിപ്തമാണ്. ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അധ്യക്ഷനായ മേൽ സമിതി ആശ്രയ പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ വിശകലനം ചെയ്യേണ്ടതിലേക്കായി രണ്ട് മാസത്തിലൊരിക്കൽ നിർബന്ധമായും യോഗം ചേരേണ്ടതും ആയതിന്റെവിലയിരുത്തൽ റിപ്പോർട്ട് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതുമാണ്.എന്നാൽ ആശ്രയ പദ്ധതി പുരോഗതി വിലയിരുത്തുന്നതിനായി പ്രത്യക യോഗം ചേർന്നിട്ടില്ല .

2.രജിസ്റ്ററുകളും ചിലവുകളും പ്രത്യേകം സൂക്ഷിക്കുന്നില്ല.

ആശ്രയ പദ്ധതി ചിലവു കണക്കുകൾ പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.കുടുംബശ്രീ ചിലവുരജിസ്റ്ററിൽ തന്നെയാണ് ആശ്രയ ചിലവുകളും രേഖപ്പെടുത്തുന്നത്.വിലയിരുത്തൽ സമിതി യോഗതീരുമാനങ്ങൾക്കായി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നില്ല. കുടുംബശ്രീ മീറ്റിംഗ് രജിസ്റ്ററിൽ തന്നെയാണ് യോഗതീരുമാനങ്ങൾ രേഖപ്പെടുത്തുന്നത്.ചാലഞ്ച് ഫണ്ട് ലഭ്യമായതിന് മെമ്പർ സെക്രട്ടറിയുടെ പേരിൽ അക്കൗണ്ട് ആരംഭിച്ചിട്ടില്ല.കുടുംബശ്രീ അക്കൗണ്ടിലാണ് നിലവിൽ ചാലഞ്ച് ഫണ്ട് നിക്ഷേപിച്ചിരിക്കുന്നത്

3.പദ്ധതി പ്രവർത്തനം കേവലം ഭക്ഷണ വിതരണത്തിലൊതുക്കി.

സർക്കാർ ഉത്തരവ് ജി ഒ(എംഎസ്) 362/13 തസ്വഭവ 6.11.13.പ്രകാരംഅഗതി കുടുംബങ്ങൾക്ക് വേണ്ടിയുള്ള പരിചരണ സേവനങ്ങളുടെ ഒരു പാക്കേജ് തയ്യാറാക്കേണ്ടതും നടപ്പിലാക്കേണ്ടതുമാണ്.

ആശ്രയ കുടുംബങ്ങളുടെ സാമൂഹ്യമായ ഒറ്റപ്പെടൽ ഇല്ലാതാക്കുന്നതിനും, വിദ്യാഭ്യാസം, ആരോഗ്യ സുരക്ഷ, പെൻഷനുകൾ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സഹായം, കുടിവെള്ളം ലഭ്യമാക്കൽ, വസ്ത്രം, കക്കൂസ് നിർമ്മാണം തുടങ്ങി വിവിധ മേഖലകളിലൊക്കെ ക്രിയാത്മകമായി ഇടപെടാമായിരുന്നെങ്കിലും അത്തരം പ്രവർത്തനങ്ങൾ നടത്തിയില്ല. അഗതികുടുംബങ്ങൾക്ക് പദ്ധതിപ്രകാരം ഭക്ഷ്യ വസ്തുക്കൾ വീടുകളിലെത്തിച്ച് നൽകുന്നില്ല. മലയോര മേഖലയായ ആനക്കാംപൊയിൽ, മുത്തപ്പൻപുഴ തുടങ്ങിയ ദൂരസ്ഥലങ്ങളിലെ അഗതികുടുംബങ്ങൾക്ക് കുടുംബശ്രീയെ ഉപയോഗപ്പെടുത്തി ഭക്ഷ്യവസ്തുക്കൾ വീടുകളിലെത്തിച്ചുനൽകേണ്ടതാണ്.

4.രണ്ടാംഘട്ട ആശ്രയ ലിസ്റ്റ് പ്രകാരം 43 (ജനറൽ)കുടുംബങ്ങളും 69 ട്രൈബൽ കുടുംബങ്ങളുമുണ്ട്. കൊടിയ ദാരിദ്ര്യം അനുഭവിക്കുന്ന അഗതി കുടുംബങ്ങൾക്ക് അന്ത്യോദയ അന്ന യോജന പദ്ധതി പ്രകാരം ഭക്ഷ്യധാന്യം വിതരണം ചെയ്യണം ഇതിനുള്ള തുക അഗതി പുനരധിവാസ ഫണ്ടിൽനിന്നും റേഷൻകാർഡ് രജിസ്റ്റർ ചെയ്തിട്ടുള്ള പൊതുവിതരണകേന്ദ്രത്തിൽ നേരിട്ട് ഒടുക്കേണ്ടതാണ്.ഓഡിറ്റ് കാലയളവിൽ മേൽ പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടില്ല.

5.രണ്ടാംഘട്ട ആശ്രയ ലിസ്റ്റ് പ്രകാരം വീടാവശ്യമുള്ള 10 ജനറൽ കുടുംബങ്ങളും 5 ട്രൈബൽ കുടുംബങ്ങളുമുണ്ട്. ലിസ്റ്റ്പ്രകാരമുള്ള കുടുംബങ്ങൾക്ക് വീട് അനുവദിച്ചതു സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 20 ◌ാം നമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കിയതിന് മറുപടി സമർപ്പിക്കേണ്ടതാണ്.

## 3-14 തനതു ഫണ്ട് വരവ് നിത്യചെലവുകൾക്കായി തികയാത്ത അവസ്ഥ

ഗ്രാമപഞ്ചായത്തിലെ 2015-16 വർഷത്തെ തനതു വരുമാനം ദൈനംദിന, നിർബന്ധിത ചെലവുകൾ നിർവ്വഹിച്ചുകഴിഞ്ഞാൽ മിച്ച ഫണ്ട് വളരെ കുറവാണ്. ദൈനംദിന ചെലവുകൾ വർദ്ധിക്കുന്നതിനനുസരിച്ച് വരവ് വർദ്ധിക്കാത്തത് ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കും. 2015-16 വർഷത്തെ വരവു ചെലവുകളുടെ സംക്ഷിപ്തം താഴെ കൊടുക്കുന്നു.

| വരവ് | തുക | ചെലവ് | തുക |
|---|---|---|---|
| നികുതി വരവ് | 4832386 | എസ്റ്റാബ്ലിഷ്മെന്റ് ചെലവ് | 1567312 |
| നികുതിയേതര വരവ് | 1048706 | ദൈനംദിന ചെലവ് | 2206557 |

| | | | |
|---|---|---|---|
| മറ്റുവരവുകൾ | 102408 | മെയിന്റനൻസ് | 1162066 |
| ആകെ | 5983500 | ആകെ | 4935935 |

ഗ്രാമപഞ്ചായത്തിന്റെ വരവിൽ നിന്ന് നിത്യനിദാന ചെലവ് കഴിച്ചുള്ള മിച്ചം 10,47,565 രൂപയാണ് 2015-16 വർഷം ഉണ്ടായത്. പൊതു ഉദ്ദേശ്യ ഗ്രാന്റ് 81,19,816 രൂപയും ലഭിച്ചിട്ടുണ്ട്. ഈ വർഷം തനതു ഫണ്ട് പ്രൊജക്ടുകൾക്കായി 97,02,126 രൂപ വകയിരുത്തുകയും, 4878444 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ഗ്രാന്റില്ലാതെ പഞ്ചായത്തിന്റെ പ്രവർത്തനം നിലക്കുന്ന സ്ഥിതിയാണ് സംജാതമാകുന്നത്.

2015-16 വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനം 66 ലക്ഷം രൂപ കമ്മിയായാണ് കാണിക്കുന്നത്. ഇത് ഗുരുതരമായ സ്ഥിതിവിശേഷം ആണ്. അതിനാൽ തനതു ഫണ്ട് വരുമാനം വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 പഞ്ചായത്തിലെ സോഫ്റ്റ് വെയറുകളുടെ കാര്യത്തിൽ ഐ കെ എം പ്രവർത്തനം തൃപ്തികരമല്ല.

പ്രൊജക്ട് - ഐ കെ എം ന് അടവാക്കേണ്ട വിഹിതം

നം - 285/16

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

അടങ്കൽ - 56,347 രൂപ (ധനകാര്യ കമ്മിഷൻ ഗ്രാന്റ്)

ചെലവ് - 56,347 രൂപ (ബിൽ നം. 1706 520 260 1276 തി. 30.3.2016)

സ. ഉ (സാധാ) 1228/2016 തസ്വഭവ. തി. 8.3.2016 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പ്ലാൻ ഫണ്ട് വിഹിതത്തിന്റെ 0.25% ഐ.കെ.എം ന് അവരുടെ വിഹിതമായി അടവാക്കേണ്ടതാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് മേൽ ബിൽ പ്രകാരം തുക ഐ. കെ. എം ന് നൽകിയിട്ടുണ്ട്.

സർക്കാരിന്റെ 29.05.2009 ലെ ജി ഒ (ആർ ടി) നം 1265/09/ LSGD ഉത്തരവ് അനുസരിച്ച് ഓരോ ഗ്രാമ പഞ്ചായത്തും വർഷത്തിൽ 20,000 രൂപ വീതം അടവാക്കണം. ഇതു പ്രകാരം എല്ലാ വർഷവും ഐ.കെ.എം ന് പണം നൽകിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ച സോഫ്റ്റ് വെയറുകളുടെ നിലവിലുള്ള അവസ്ഥ താഴെ കൊടുക്കുന്നു.

| ക്രമ നം | സോഫ്റ്റ് വെയർ ഇനം | ഇപ്പോഴത്തെ പ്രവർത്തനം |
|---|---|---|
| 1 | സേവന സിവിൽ രജിസ്ട്രേഷൻ | പ്രവർത്തിക്കുന്നു |
| 2 | സേവന പെൻഷൻ | പ്രവർത്തിക്കുന്നു |
| 3 | സാംഖ്യ | പൂർണ്ണ തോതിൽ പ്രവർത്തിക്കുന്നില്ല |
| 4 | സൂചിക-ഫ്രണ്ട് ഓഫീസ് | പൂർണ്ണ തോതിൽ പ്രവർത്തിക്കുന്നില്ല |
| 5 | സുലേഖ- പ്ലാൻ | പ്രവർത്തിക്കുന്നു. |
| 6 | സചിത്ര- ആസ്തി | സാംഖ്യയുമായി ബന്ധപ്പെടുത്തിയിട്ടില്ല |
| 7 | സ്ഥാപന- ശമ്പളം | പ്രവർത്തിക്കുന്നു. |
| 8 | സഞ്ചയ- വസ്തുനികുതി | സാംഖ്യയുമായി ബന്ധപ്പെടുത്തിയിട്ടുണ്ടെങ്കിലും നികുതി അടവ് ഓൺലൈൻ അടക്കാൻ കഴിയില്ല. |

മുകളിൽ പറഞ്ഞ സോഫ്റ്റ് വെയറുകൾ അതിന്റെ പരിപൂർണ്ണമായ അവസ്ഥയിൽ പ്രവർത്തിക്കുന്നില്ല. അതേ പോലെ, ഗ്രാമപഞ്ചായത്തിന്റെ വെബ്സൈറ്റ് വിവരങ്ങൾ ഒന്നും കാലികമല്ല. വെബ്സൈറ്റിൽ വിവരങ്ങൾ ലഭിക്കാതിരിക്കുകയോ ലഭിക്കുന്ന വിവരങ്ങൾ കാലികമായതോ അല്ല.

സാംഖ്യ സോഫ്റ്റ് വെയറിൽ ഉള്ള അപാകതകൾ കാരണം പദ്ധതിചെലവിൽ ചിലപ്പോൾ വ്യത്യാസം വരുന്നുണ്ട്. സുലേഖയുമായി ഓട്ടോമാറ്റിക് ആയല്ല സാംഖ്യ പ്രവർത്തിക്കുന്നത്. സാംഖ്യയിൽ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പ്രവൃത്തിയിൽ നിന്നും ഈടാക്കുന്ന വാറ്റ്, നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവ അക്കൗണ്ടിൽ ഉൾപ്പെടുന്നില്ല.

സഞ്ചയയിൽ വസ്തു നികുതി കണക്കാക്കിയത് വാർഷിക വാടകയുടെ അടിസ്ഥാനത്തിലാണ്. തറ

വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലല്ല. ഓൺലൈൻ ആയി നികുതി അടവാക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. കൂടാതെ പോസ്റ്റിംഗ് നടത്തിയ കെട്ടിടങ്ങൾക്ക് വീണ്ടും ഡിമാന്റ് ചെയ്യാനുണ്ടെന്ന് കാണിക്കുന്നു.

ഐ.കെ.എം ആവശ്യപ്പെടുന്ന പണം നൽകിയിട്ടും സോഫ്റ്റ് വെയറുകൾ പൂർണ്ണ തോതിൽ ജനങ്ങൾക്കും, പഞ്ചായത്തിനും ഉപകാരപ്രദമാകുന്നില്ല. ഇക്കാര്യം ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-16 ഗുണനിലവാരം ഉറപ്പു വരുത്താതെ ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്തു

പ്രൊജക്ട് നം - എസ്,ഒ. 11 / 2015-16 /അങ്കണവാടി പോഷകാഹാരം

നിർവ്വഹണ ഉദ്യോഗസ്ഥ - ഐ.സി.ഡി.എസ്. സൂപ്പർ വൈസർ

മേൽ പദ്ധതിയിൽ പഞ്ചായത്തിലെ 29 അങ്കണവാടികളിൽ 2015-16 വർഷത്തിൽ 831152 രൂപ ചെലവഴിച്ച് 14842 കിലോഗ്രാം (14842 X 56 ) THRSഭക്ഷ്യ മിശ്രിതം വിതരണം ചെയ്തിട്ടുണ്ട്. നവജീവൻ ഫുഡ് പ്രൊഡ്യൂസേഴ്സ് കാക്കവയൽ എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. സർക്കാർ നിർദ്ദേശിച്ച പ്രകാരമുള്ള ഗുണനിലവാരം പരിശോധിച്ച് ഉറപ്പു വരുത്താതെയാണ് ഭക്ഷ്യമിശ്രിതം വാങ്ങി നല്കിയിട്ടുള്ളത്. സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ ശിശു വികസന ഓഫീസർമാർക്കും പ്രോഗ്രാം ഓഫീസർമാർക്കുമുള്ള ICDS/B3-312/2010 നമ്പറിലുള്ള 01-02-2010, 05-06-2010, 18-12-2010 എന്നീ തിയ്യതിയിലുള്ള കത്തുകളിൽ ഓരോ 2 മാസത്തിലൊരിക്കൽ വീതം ന്യൂട്രീ മിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാൻ നിർദ്ദേശമുണ്ട്.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (13/2015-16) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-17 പുറം പോക്ക് ഭൂമി സംരക്ഷിക്കുന്നതിൽ വീഴ്ച

കേരള പഞ്ചായത്ത് രാജ് നിയമം 218,169 എന്നീ വകുപ്പുകൾ പ്രകാരംപുഴ, റോഡ് പുറം പോക്ക് ഭൂമികളുടെ നിയന്ത്രണം ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമാണ്. പഞ്ചായത്തിലെ പുറം പോക്ക് റജിസ്റ്റർ പ്രകാരം പഞ്ചായത്തിൽ താഴെ കാണിച്ച പ്രകാരം 52 .22 ഹെക്ടർ പുറം പോക്ക് ഭൂമിയുണ്ട്.

| ക്രമ നമ്പർ | മരക്കാട്ടുപുറം | തിരുവമ്പാടി | ചെറുപ്ര |
|---|---|---|---|
| 1 | 4.56 | 16.80 | 21.60 |
| 2 | 3.26 | 2.77 | 3.23 |
| ആകെ | 7.82 | 19.57 | 24.83 |
| ആകെ പുറം പോക്ക് 52.22 ഹെക്ടർ | | | |

ഈ പുറം പോക്ക് ഭൂമിയുമായി ബന്ധപ്പെട്ട് അപാകതകൾ താഴെ പറയുന്നു.

1. പുറം പോക്ക് ഭൂമി വേലി കെട്ടി സംരക്ഷിച്ചിട്ടില്ല.

പുറം പോക്ക് ഭൂമി സംമ്പന്ധിച്ച് അന്വേഷണം നടത്തിയതിൽ അവയൊന്നും വേലി/അതിര് കെട്ടി സംരക്ഷിച്ചിട്ടില്ല എന്നും പല ഭൂമിയും സ്വകാര്യ വ്യക്തികൾ ഉപയോഗിക്കുകയാണെന്നും അറിയാൻ കഴിഞ്ഞു.

2. പുറം പോക്ക് ഭൂമിയിൽ നിന്ന് മേലനുഭവം ലഭിക്കുന്നില്ല

പുറം പോക്ക് ഭൂമിയിൽ കവുങ്ങ്, തെങ്ങ്,പ്ലാവ് തുടങ്ങിയ മരങ്ങളും മറ്റും ധാരാളം ഉണ്ട് എന്നാൽ ഇതിൽ നിന്നുള്ള മേലനുഭനങ്ങളൊന്നും പഞ്ചായത്തിന് ലഭിക്കുന്നില്ല

3. പുറം പോക്ക് ഭൂമി റജിസ്റ്റർ കാലികമല്ല

പഞ്ചായത്തിലെ പുറം പോക്ക് ഭൂമി റജിസ്റ്ററിൽ 1997-98ലെ സ്ഥിതി വിവര കണക്കുകളാണ് ഉള്ളത് . അതിനു ശേഷം യാതൊരു രേഖപ്പെടുത്തലുകളും വരുത്തിയിട്ടില്ല. 1997-98 ൽ 40 സ്വകാര്യ വ്യക്തികൾക്ക് ചില പുറം പോക്ക് ഭൂമികൾ ലീസിന് നല്കിയിരുന്നതായി കാണുന്നു.

ഉദാഹരണം 1).ഒ. വേലു , ഒളക്കൽ , ചെറുപ്ര ( റി.സ-69 / 1 ഏക്കർ 25 സെന്റ്)

2).പ്രീത ജയരാജ് കാർത്തിക, പറോപ്പടി (റി,സ-7 / 20സെന്റ്

അന്ന് ഭൂമി പാട്ടത്തിന് നല്കിയവരിൽ നിന്ന് ഭൂമി തിരിച്ച് പിടിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (9/2015-16) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-18 പട്ടികവർഗ്ഗ ഉപ പദ്ധതികൾ നടപ്പാക്കുന്നതിൽ വീഴ്ച

1)ഫണ്ട് ചെലവഴിക്കുന്നതിലെ വീഴ്ച

പഞ്ചായത്തിൽ പട്ടിക വർഗ ഉപപദ്ധതികൾക്കായി ( T S P) തൻവർഷം 11,52,547രൂപ ലഭിച്ചിട്ടുണ്ട്. ഇതിൽ 4,67,952 രൂപ മാത്രമാണ് പദ്ധതികൾക്കായി ചെലഴിച്ചിട്ടുള്ളത് (40.6 %)

2)പദ്ധതികൾ തയ്യാറാക്കുന്നതിലും നടപ്പിലാക്കുന്നതിലുമുള്ള അപാകത

പഞ്ചായത്തിൽ തൻവർഷം 259 പ്രൊജക്റ്റുകൾക്ക് അംഗീകാരം വാങ്ങിയിട്ടുണ്ട് ഇതിൽ 7 എണ്ണം മാത്രമാണ് പട്ടിക വർഗ്ഗ വിഭാഗത്തിനായുള്ളത്. ഇതിൽതന്നെ 3 എണ്ണം മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത് താഴെ പറയുന്ന പദ്ധതികൾക്കായി പ്രെജക്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിലും നടപ്പാക്കിയിട്ടില്ല.

| പദ്ധതിയുടെ പേര് | വകയിരുത്തിയ തുക | ചെലവ് |
|---|---|---|
| മുത്തപ്പൻപുഴ എസ്.ടി സാംസ്കാരിക നിലയം അറ്റകുറ്റ പണി. | 200000 | ഇല്ല |
| വീട് പുനരുദ്ധാരണം | 209240 | ഇല്ല |
| പ്രൊഫഷണൽ വിദ്യർത്ഥികൾക്ക് ലാപ്പ് ടോപ്പ് നല്കൽ | 40000 | ഇല്ല |
| വീട് പുനരുദ്ധാരണം(സ്പിൽ ഓവർ) | 90000 | ഇല്ല |

3) പദ്ധതി മേഖലാ വിഭജനത്തിൽ നിന്നും തഴയപ്പെടുന്നു

കാർഷിക മേഖലയിലും, മൃഗ സംരക്ഷണ മേഖലയിലും, പ്രൊജക്റ്റുകളൊന്നും പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കായി തയ്യാറാക്കിട്ടില്ല. പ്രത്യേക പരിഗണന നൽകി സമൂഹത്തിൽ ഉയർത്തിക്കൊണ്ട് വരേണ്ട വിഭാഗങ്ങൾക്കായി പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-19 പട്ടികജാതി പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വാങ്ങിയതിലെ അപാകതകൾ

പ്രൊജക്ട് നം - എസ്.ഒ.32/ 2015-16

അടങ്കൽ - 800000 രൂപ (വികസന ഫണ്ട് ജനറൽ)

ചെലവ് - 73600/- ബിൽ നം.10/2015-16/31-03-2016

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികളുടെ പഠന നിലവരം ഉയർത്തുന്നതിനാണ് പദ്ധതി നടപ്പിലായി ട്ടുള്ളത് . 2 കമ്പ്യൂട്ടറുകൾ സർക്കാർ ഏജൻസിയായ കെൽട്രോണിൽ നിന്ന് വാങ്ങി വിതരണം ചെയ്തിട്ടുണ്ട് പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) സ്റ്റോർ പർച്ചേസ് ചട്ടം പാലിച്ചില്ല.

കേരള സ്റ്റോർ പർച്ചേസ് മാനവൽ ഖണ്ഡിക 9-24 പ്രകാരം ടെണ്ടർ നടപടികളില്ലാതെ സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് വാങ്ങുന്ന സാധനങ്ങൾ പ്രസ്തുത സ്ഥാപനങ്ങൾ തന്നെ ഉത്പ്പാദിപ്പിച്ചതാണെന്ന് പർച്ചേസിങ്ങ് ഓഫീസർ ഉറപ്പ് വരുത്തേണ്ടതാണ്.ഈ പദ്ധതിയിൽ Acer ന്റെ laptop with intel core i3 processor, OEM MB, 4GB DDR3 RAM, 500GB SATA HDD..., IT @ school Linux (ubundu) os .എന്ന സ്പെസിഫിക്കേഷനിലുള്ള ലാപ്പ് ടോപ്പ് കമ്പ്യൂട്ടറുകളാണ് കെൽട്രോൺ നൽകിയിട്ടുള്ളത്. മറ്റ് കമ്പനികൾ നിർമിച്ച കമ്പ്യൂട്ടറുകൾ ടെണ്ടർ നടപടികളില്ലാതെയാണ് കെൽട്രോണിൽ നിന്ന് വാങ്ങിയിട്ടുള്ളത്.

2) കമ്പ്യൂട്ടറിന് വില നൽകിയതിലെ അപാകത

കമ്പ്യൂട്ടറുകൾ കമ്പ്യൂട്ടർ ഒന്നിന് 36800/- രൂപ നിരക്കിലാണ് വാങ്ങിയിട്ടുള്ളത്(2 X 36800= 73600) ജി.ഒ (പി)01/2006/എസ്.പി.ഡി/02-02-2006 നമ്പർ ഉത്തരവ് പ്രകാരംതദ്ദേശ ഭരണ സ്ഥാപനങ്ങൾ ടെണ്ടർ നടപടികളില്ലാതെ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങാൻ കെൽട്രോണിനെ സമീപിക്കുമ്പോൾ കെൽട്രോൺ നിർമ്മിക്കാത്തവ /അസംബിൾ ചെയ്യാത്തവ വാങ്ങുമ്പോൾ ഓർഡർ തുകയുടെ പകുതി മാത്രമേ

നൽകാൻ പാടുള്ളൂ. ഓർഡർ തുകയുടെ 50%ത്തിൽ കൂടുതൽ മൂല്യമുള്ള സാധനങ്ങൾ മറ്റു ബ്രാന്റുകളാണെങ്കിൽ ടെണ്ടർ സമ്പ്രദായം സ്വീകരിക്കണം. കൂടാതെ സ്റ്റോർ പർച്ചേസ് നിയമപ്രകാരം സാധനവിലയുടെ കമ്പോളവിലയുമായുള്ള യുക്തിഭദ്രത പർച്ചേസിങ്ങ് ഓഫീസർ പരിശോധിച്ചിട്ടില്ല. സർക്കാർ ഉത്തരവിനനുസരിച്ചല്ലാതെയാണ് പർച്ചേസ് നടത്തിയിട്ടുള്ളത്.

3) കമ്പ്യൂട്ടറിന്റെ സ്പെസിഫിക്കേഷൻ നിർണ്ണയിച്ചിട്ടില്ല

നഴ്സിംഗ് വിദ്യാർത്ഥികൾക്കാണ് കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുള്ളതെങ്കിലും പഠിക്കുന്ന കോഴ്സിന് സഹായകമാകുന്ന സ്പെസിഫിക്കേഷനിലുള്ള കമ്പ്യൂട്ടറുകളാണോ വാങ്ങിയിട്ടുള്ളത് എന്ന് ഉറപ്പ് വരുത്തിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (7/2015-16) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-20 ഭവന നിർമ്മാണം പൂർത്തിയാകാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

ഗ്രാമപഞ്ചായത്തിൽ വിവിധ വർഷങ്ങളിൽ ആരംഭിച്ചിട്ടുള്ള ഭവന നിർമ്മാണ പദ്ധതികളിൽ ചില ഗുണഭോക്താകൾ ഭവന നിർമ്മാണം പൂർത്തികരിക്കാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട്,വർഷം | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക | ബാക്കി |
|---|---|---|---|
| മാനസികവൈകല്യമുള്ളവർക്ക് വീട്നിർമ്മാണം-2007-08 | കൃഷ്ണമ്മ | 40000 | 10000 |
| വനിത വീട്-2013-14 | ഉമൈബ സലിം | 180000 | 20000 |
| EMS ഭവന പദ്ധതി 2009-12 | ലോഹിദാക്ഷൻ | 92500 | 20000 |
| | രാധാസഹദേവൻ | 52500 | 60000 |
| | റഷീദ് | 52500 | 60000 |
| | മാധവി | 52500 | 60000 |
| | ഷീജ | 52500 | 60000 |
| | ശിവൻ | 52500 | 60000 |
| | തങ്കപ്പൻ | 67500 | 20000 |
| | ഗോപി | 22500 | 140000 |
| | സുരേന്ദ്രൻ | 52500 | 60000 |
| | ചന്ദ്രൻ | 22500 | 140000 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (23/2015-16) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-21 കെട്ടിട നിർമ്മാണ അപേക്ഷയിൽ സമയബന്ധിതമായി നടപടി സ്വീകരിക്കാത്തതിനാൽ വക്കീൽ ഫീസിനത്തിൽ ചെലവ്

കെട്ടിട നിർമ്മാണ അനുമതി സംബന്ധിച്ച് 31-10-2014 ന് നടന്ന പെർമനന്റ് ലോക് അദാലത്തിൽ

ഹാജരായതിന് വക്കീൽ ഫീസിനത്തിൽ 3000 രൂപ വൗച്ചർ നമ്പർ 215000129/08-05-2015 പ്രകാരം തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. നിയമാനുസൃത സമയ പരിധിയ്ക്കുള്ളിൽ കെട്ടിട നിർമ്മാണ അപേക്ഷയിൽ തീർപ്പ് കൽപ്പിയ്ക്കാത്തതിനാലാണ് ഈ ചെലവ് ഉണ്ടായിട്ടുള്ളത്.

16-05-2014 ന് ശ്രീ. അലി &ആമിന പരോട്ടുകുഴിയിൽ സമർപ്പിച്ചിട്ടുള്ള കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷയിൽ (a-3852/14/16-05-14) നിയമപ്രകാരം 16-06-2014നകം തീരുമാനം ലഭ്യമാക്കേണ്ടതായിരുന്നു. ആയത് ലഭിയ്ക്കാഞ്ഞതിനാലാണ് കക്ഷി ബഹു -ലോക അദാലത്തിൽ 13-10-2014 ന് പരാതി നൽകിയത്(OP-PL/67/14). ബിൽഡിങ്ങ് പെർമിറ്റ് റജിസ്റ്റർ പ്രകാരം 06-01-2015 ലാണ് പെർമിറ്റ് നല്കിയിട്ടുള്ളത്.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## **3-22** കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ നടപടിക്രമങ്ങളിലെ അപാകതകൾ

പ്രൊജക്റ്റ് നം- എസ്.ഒ.213/ 2015-16

അടങ്കൽ- 100000 രൂപ(മെയിന്റനൻസ് റോഡിതരം)

ചെലവ്- 97000/- ബിൽ നം.06/2015-16/30-03-2016

നിർവ്വഹണ ഉദ്യോഗസ്ഥൻ- കൃഷി ഓഫീസർ

കൃഷി ഭവനിലേയ്ക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സർക്കാർ ഏജൻസിയായ കെൽട്രോണിൽ നിന്ന് വാങ്ങിയിട്ടുണ്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| Desktop computer- HP 280 GIMT Helcore i3 ..... | 50028.57 + 5% VAT |
| 600VA UPS with 42 ab battery | 11615.72 + 14.5% VAT |
| Epson LQI 310 Matrix printer | 12571.43 + 5% VAT |
| Blink modem psl 2730 U ... | 2847.62 + 5% VAT |
| Multy function printer- Canon 4820 D | 14266.67 + 5% VAT |
| 5% VAT | 3985.71 |
| 14.5% VAT | 1684.28 |
| ആകെ | 97000 |

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) സ്റ്റോർ പർച്ചേസ് ചട്ടം പാലിച്ചില്ല.

കേരള സ്റ്റോർ പർച്ചേസ് മാനുവൽ ഖണ്ഡിക 9-24 പ്രകാരം ടെണ്ടർ നടപടികളില്ലാതെ സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് വാങ്ങുന്ന സാധനങ്ങൾ പ്രസ്തുത സ്ഥാപനങ്ങൾ തന്നെ ഉത്പ്പാദിപ്പിച്ചതാണെന്ന് പർച്ചേസിങ്ങ് ഓഫീസർ ഉറപ്പ് വരുത്തേണ്ടതാണ്. ഈ പദ്ധതിയിൽ മറ്റ് കമ്പനികൾ നിർമിച്ച കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളുമാണ് ടെണ്ടർ നടപടികളില്ലാതെ കെൽട്രോണിൽ നിന്ന് വാങ്ങിയിട്ടുള്ളത്.

2) കമ്പ്യൂട്ടറിന് വില നൽകിയതിലെ അപാകത

ജി.ഒ (പി)01/2006/എസ്.പി.ഡി/02-02-2006 നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ ടെണ്ടർ നടപടികളില്ലാതെ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങാൻ കെൽട്രോണിനെ സമീപിക്കുമ്പോൾ കെൽട്രോൺ നിർമ്മിക്കാത്തവ /അസംബിൾ ചെയ്യാത്തവ വാങ്ങുമ്പോൾ ഓർഡർ തുകയുടെ പകുതി മാത്രമേ നൽകാൻ പാടുള്ളൂ. ഓർഡർ തുകയുടെ 50%ത്തിൽ കൂടുതൽ മൂല്യമുള്ള സാധനങ്ങൾ മറ്റ് ബ്രാന്റുകളാണെങ്കിൽ ടെണ്ടർ സമ്പ്രദായം സ്വീകരിക്കണം. ഇവിടെ ഓർഡർ തുക തന്നെയാണ് നൽകിയിട്ടുള്ളത് കൂടാതെ സ്റ്റോർ പർച്ചേസ് നിയമപ്രകാരം സാധനവിലയുടെ കമ്പോളവിലയുമായുള്ള യുക്തിഭദ്രത പർച്ചേസിങ്ങ് ഓഫീസർ പരിശോധിച്ചിട്ടില്ല. സർക്കാർ ഉത്തരവിനനുസരി ച്ചല്ലാതെയാണ് പർച്ചേസ് നടത്തിയിട്ടുള്ളത്.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (22/2015-16) മറുപടി ലഭ്യമാക്കിയിട്ടില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | 23.03.13 | 50000 | വാപ്പാട്ട്എസ് സി കോളനി റോഡ് പരിഷ്കരണം | --- | 50000 |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇഎംഎസ് ഭവന പദ്ധതി | 533/2010/ 18/02/2010 | | 5738440 | 2500000 | | 3238440 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012-13. 13-14 | 2 | 175 | സെക്രട്ടറി | 11501102927 4/2/16 |
| 2011-12 | 3-2 | 1000 | രാജു അമ്പലത്തിങ്ങൽ | 11501102074 15/10/15 |
| 2010-11 | 3-1 | 2775 | കെഎൻ.അപ്പു | 11501103244 2/3/16 |
| 2011-12 | 3-2 | 1000 | എലിയാമ്മ | 11501102007 |

| | | | | |
|---|---|---|---|---|
| | | | ജോർജ് | 13/10/15 |
| 2011-12 | 3-2 | 1000 | ഓമന വിശ്വംഭരൻ | 11501102008<br>13/10/15 |
| 2012-13<br>13-14 | 2-3 | 1000 | സെക്രട്ടറി | 11501102917<br>3/2/16 |
| 2010-11 | 3-1 | 2775 | ലളിത മോഹൻ | 11501102631<br>4/1/16 |
| 2012-13<br>13-14 | 2-1 | 4000 | സി.കുറവച്ചൻ | 11501103032<br>17/2/16 |
| 2010-11 | 3-1 | 2775 | ഗണേഷ് ബാബു | 11501102488<br>17/12/15 |
| 2010-11 | 3-1 | 2775 | സുന്ദരൻ.സിടി | 11501102489<br>17/12/15 |
| 2010-11 | 3-1 | 2775 | ഹരിദാസൻ | 11501102988<br>10/2/16 |
| 2010-11 | 3-1 | 2775 | കെകെ.ദിവാകരൻ | 11501101932<br>09/10/15 |
| 2012-13 | 2-1(2) | 125 | സെക്രട്ടറി | 11501102789<br>20/1/16 |
| 2012-13 | 2-1(3) | 2500 | സെക്രട്ടറി | 11501102790<br>20/1/16 |
| 2012-13 | 2-1(2) | 1500 | ശിവദാസൻ | 11501102835<br>28/1/16 |
| 2012-13 | 2-1 | 700 | സെക്രട്ടറി | 11501103074<br>19/2/16 |
| 2012-13 | 2 | 200 | കെഎം.ബേബി | 11501103075<br>19/2/16 |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2002-03 | 3-1 | 2005-06 | 9 | പെൻഷൻ വേതനം അപാകതകൾ | ലഭ്യമല്ല |
| 2002-03 | 3-25 | 2005-06 | 3 | തൊഴിൽപരിശീലന പദ്ധതികൾ- പരാജയം | ലഭ്യമല്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 40766373 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 66759943 |
| വരവിനങ്ങളിലുള്ള നഷ്ടം | 14500 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 272936 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1234014 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 8500 | | സെക്രട്ടറി- അഭിലാഷ് എ എൻ<br>ക്ലാർക്- അശോകൻ |
| 2-4 | 6000 | | സെക്രട്ടറി- അഭിലാഷ് എ എൻ<br>ക്ലാർക്ക് - അശോകൻ |
| 3-1 | | 234291 | നിമ്മി.കെ. അസി. എൻ |
| 3-2 | | 36800 | ശ്രീ രവീന്ദ്രൻ നായർ- അസി. സെ. |
| 3-10 | | 1845 | ശ്രീമതി ദേവി.പി.യു- ഐസിഡിഎസ്. |
| ആകെ | 14500 | 272936 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 500000 | മെഡിക്കൽ ഓഫീസർ പി എച്ച്സി ഡോ.സിൽവിയ... |
| 3-4 | 40000 | മെഡിക്കൽ ഓഫീസർ പി എച്ച്സി ഡോ.സിൽവിയ.. |

| | | |
|---|---|---|
| 3-5 | 100000 | മെഡിക്കൽ ഓഫീസർ പി എച്സി ഡോ.സിൽവിയ.. |
| 3-7 | 46476 | ഹെഡ്മിസ്ട്രസ്- ആശ |
| 3-8 | 27538 | സെക്രട്ടറി- അഭിലാഷ് എ എൻ |
| 3-9 | 100000 | മെഡിക്കൽ ഓഫീസർ ഹോമിയോ- ഡോ.സതീഷ് കുമാർ.പി.കെ |
| 3-11 | 220000 | രവീന്ദ്രൻ നായർ- അസി. സെ |
| 3-12 | 200000 | സെക്രട്ടറി- അഭിലാഷ് എ എൻ |
| | 1234014 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 2-2

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം | പേര്,ഉദ്യോഗപേര് | ഇപ്പോഴത്തെഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | അഭിലാഷ്.എഎൻ, സെക്രട്ടറി | | വെള്ളിപ്പുറത്ത്, പുത്തൂർ,ഓമശ്ശേരി |
| 2 | ഉദയൻ.എ. | | കാവ്യ,മായനാട്, കോഴിക്കോട് |
| 3 | രവീന്ദ്രൻ നായർ | | അഴിഞ്ഞിലത്ത്, ചാത്തമംഗലം |
| 4 | അസി.എഞ്ചിനീയർ.നിമ്മി.കെ. | | കാരിപ്പാൽ, പന്തീരങ്കാവ്, കോഴിക്കോട് |
| 5 | ഡോ.സിൽവിയ, മെഡിക്കൽഓഫീസർ(പിഎച്ച് സി) | | ദീപ,പാലത്ത്, കോഴിക്കോട് |
| 6 | ആശ,ഹെഡ്മാസ്റ്റർ | | പ്രതീക്ഷ,പുതുപ്പാടി GHS ന് സമീപം, പുതുപ്പാടി |
| 7 | ഡോ.സതീഷ് കുമാർ.പികെ മെഡിക്കൽഓഫീസർ(ഹോമിയോ) | | ശ്രീശൈലം, ആവിലോറ,കൊടുവള്ളി |
| 8 | ദേവി. പി.യു ,ഐസിഡിഎസ് സൂപ്പർവൈസർ | | മേടക്കണ്ടത്തിൽ, പുതുപ്പാടി,673586 |
| 9 | അശോകൻ,ക്ളർക്ക് | | വയലായിൽ, പെരുമ്പള,കൂടരഞ്ഞി |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| | വിവരം | | |
| 1988-89<br>1989-90 | എൽഎഫ് കെകെഡി.1/174<br>/10(4)/10/19.8.10 | 1 | |
| 1990-91<br>1991-92 | എൽഎഫ് കെകെഡി.1/174<br>/10(6)/10/19.8.10 | 1 | |
| 1999-00 | എൽഎഫ് കെകെഡി.<br>പി1/276/12(6)21.7.12 | 2 | |
| 2000-01 | എൽഎഫ് കെകെഡി.<br>പി1/276/12(7)21.7.12 | 6 | |
| 2001-02 | എൽഎഫ് കെകെഡി.<br>പി1/276/12(8)21.7.12 | 3 | |
| 2002-03 | എൽഎഫ് കെകെഡി.<br>പി1/276/12(9)21.7.12 | 13 | |
| 2003-04 | എൽഎഫ് കെകെഡി.<br>പി1/276/12(10)21.7.12 | 1 | |
| 2004-05 | എൽഎഫ് കെകെഡി.<br>പി1/276/12(11)21.7.12 | 1 | |
| 2005-06 | എൽഎഫ്<br>കെകെഡി.പി1/276<br>/12(12)21.7.12 | 2 | |
| 2006-07 | എൽഎഫ് കെകെഡി.<br>പി1/276/12(13)21.7.12 | 13 | |
| 2007-08 | എൽഎഫ് കെകെഡി.<br>പി1/276/12(14)21.7.12 | 16 | |
| 2008-09 | എൽഎഫ് കെകെഡി.<br>പി1/276/12(15)21.7.12 | 9 | |
| 2009-10 | എൽഎഫ് കെകെഡി.<br>പി1/763/12 18.6.12 | 7 | |
| 2010-11 | എൽഎഫ് കെകെഡി.<br>പി1/754/12 18.6.12 | 18 | |

| | | | |
|---|---|---|---|
| 2011-12 | എൽഎഫ് കെകെഡി. പി1/1555/14 31.10.14 | 24 | |
| 2012-13<br>2013-14 | കെഎസ്എ കെകെഡി. പി1/1311/15,1.3.16 | 37 | |
| 2014-15 | കെഎസ്എ കെകെഡി. പി11/1033/16,15.6.16 | 11 | |

ഡപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

**1**

ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.കെ.കെ.ഡി/പി 1/ 2096/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
കോഴിക്കോട്
ഇ-മെയിൽ -dokkd.ksad@kerala.gov.in
ഫോൺ -0495 2371012
തീയതി-16.12.2016

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4- ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215- ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള

മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം കോഴിക്കോട്.

No. KSA.KKD/P 1/ 2096/2016

Kerala State Audit Department

District Audit Office, Kozhikode

Phone 0495 2371012

E-mail – dokkd.ksad@kerala.gov.in

Dated 16.12.2016

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Thiruvampady Grama Panchayat for the year ended on 31-3-2016 in Kozhikode District in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of Thiruvampady Grama Panchayat for the year 2015-16 subject to the observation in the Annexure properly presents the picture of income, expenditure and closing balance.

JOINT DIRECTOR

Kerala State Audit Department,
District Audit Office, Kozhikode.